# ബെഥേൽ പത്രിക

ലക്കം 11
വാല്യം 9
നവംബർ 1996



ബാഷ്പാഞ്ജലികളോടെ...!

# ബഥേൽ പത്രിക

(ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്.)

★ നവംബർ 1996 ★

## ☞ ഉള്ളടക്കം ☜


മുഖമൊഴി

ഇടയലേഖനം

| | | |
|---|---|---|
| ധ്യാനപംക്തി | 6 | ഫാ. ഗീവറുഗീസ് ജോൺ |
| വിദ്യാഭ്യാസ മന്ത്രിക്ക് അയച്ച കത്ത് | 7 | തോമസ് മാർ അത്താനാസിയോസ് |
| വ്യക്തിത്വ വികസനത്തിന് | 9 | ഡോ. ജോസ് കോശി |
| പ്രഭാഷണകല....... | 10 | ഡോ.സാമുവേൽ ചന്ദനപ്പള്ളി |
| തിരുശേഷിപ്പിലെ ദൈവശക്തി | 11 | ഫാ. തോമസ് കൊക്കാപ്പറമ്പിൽ |
| സഭയിൽ എട്ടുനോമ്പോ | 13 | ഫാ. സി. സി. ചെറിയാൻ |
| വിദ്യാലയ രാഷ്ട്രീയം | 15 | ബിനു ഡാനിയേൽ |
| വാഹനപ്രചരണ ജാഥ | 17 | ജേക്കബ് ഉമ്മൻ |

പ്രതികരണങ്ങൾ, ബാലപത്രിക, വാർത്തകൾ


### യുവജനസമ്മേളനവും എയിഡ്സ് ബോധന സെമിനാറും

ചെങ്ങന്നൂർ: ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ അർദ്ധവാർഷിക യുവജന സമ്മേളനവും എയിഡ്സ് ബോധനസെമിനാറും ഡിസംബർ 8–ന് ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിൽ നടത്തും.

രാവിലെ എയിഡ്സ് ബോധന സെമിനാറിൽ ഡോ. കാനം ശങ്കരപ്പിള്ള മുഖ്യപ്രഭാഷണം നടത്തും. 'ദളിത് പോരാട്ടങ്ങളോടുള്ള ഓർത്തഡോക്സ് സമീപനം' എന്ന വിഷയത്തെക്കുറിച്ച് ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ ക്ലാസെടുക്കും.

പൊതുസമ്മേളനത്തിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തും. ഫാ. മാത്യുവർഗ്ഗീസ്, ഫാ. ഗീവറുഗീസ് ജോൺ, വി. ഐ. തോമസ്, പി. വി. ജോർജ് എന്നിവർ പ്രസംഗിക്കും.

ഒരു യൂണിറ്റിൽ നിന്നും മൂന്നു പ്രതിനിധികൾ വീതം പങ്കെടുക്കണമെന്ന് ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ അറിയിക്കുന്നു.

## മുഖമൊഴി

പള്ളി സാക്ഷികളുടെ സമൂഹമാണ്. ആരാധന (worship) കൂട്ടായ്മ (fellowship) പഠനം (teaching) ശുശ്രൂഷ (service) സാക്ഷ്യം (witness) എന്നിവയാണ് സഭയുടെ ദൗത്യം. സഭകൾ ദൗത്യം പൂർണ്ണമായി അനുഷ്ഠിക്കുമ്പോൾ 'ഉല്ലാസവും ഹൃദയപരമാർത്ഥതയും' പ്രസരിതമാകുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭ നന്മകളുടെ സംഗമവും സ്നേഹത്തിൽ നിറയുന്ന പരസ്പര സാക്ഷ്യവുമാണ്.

പള്ളി രാഷ്ട്രീയം (Church politics) സഭകൾ ഭീകരമായി അഭിമുഖീകരിക്കുന്ന പ്രതിസന്ധിയാണ്. നിഷേധവും അഹന്തയും പ്രകടമാക്കി ക്രസ്തീയ സാക്ഷ്യത്തെ മുറിപ്പെടുത്തുന്ന പള്ളി രാഷ്ട്രീയം...! എല്ലാ സഭകളിലും അതിദാരുണമായി 'സാക്ഷ്യത്തെ' വ്രണപ്പെടുത്തുന്നു. തന്മൂലം സുസംഘടിതമാകേണ്ട പ്രാദേശികതലങ്ങൾ പോലും ഛിദ്രമാകുന്നു.

അധികാരത്തിലേക്കുള്ള തള്ളിക്കയറ്റം, നേതൃത്വപീഡനം, സ്വഭാവഹത്യ, പരദൂഷണം, അഴിമതി എന്നിവ രാഷ്ട്രീയത്തിലേതുപോലെ സഭകളിലും ശക്തി പ്രാപിക്കുന്നു. ഇത് നിഷേധമായ പള്ളി രാഷ്ട്രീയമാണ്. മറ്റുള്ളവരെ ചൂഷണം ചെയ്ത് സ്വന്തം 'മഹിമ' ഉയർത്തിക്കാണിക്കുന്നു. ഇതിൽ എല്ലാ മൂല്യങ്ങളും വിശ്വാസ പ്രമാണങ്ങളും ബലികഴിക്കുന്നു. മറ്റുള്ളവരെ ഭരിക്കണം എന്നതാണ് ലക്ഷ്യം. 'ശുശ്രൂഷകരാകുവാനല്ല' 'ഭരണകർത്താക്കൾ' ആകുവാൻ ഇക്കൂട്ടർ ഇഷ്ടപ്പെടുന്നു.

ശുശ്രൂഷിക്കുക, സ്നേഹിക്കുക, സ്വയം ത്യജിക്കുക തുടങ്ങിയവയി[illegible] പരസ്പരം പങ്കാളികളാകണം. വ്യക്തിത്വങ്ങൾ ഇടിച്ചു താഴ്ത്താതെ ബന്ധങ്ങൾ ആഴമാക്കണം. വ്യക്തി ബന്ധങ്ങൾ കരണ്ടു തിന്നുന്ന വിഷപ്പല്ലുകൾ പിഴുതെറിഞ്ഞ് സ്നേഹത്തിന്റെ ഭാവം ധരിക്കണം. ഇവിടെയാണ് സഭകൾ 'സാക്ഷ്യം പൂർത്തികരിക്കുന്നത്'.

'അധികാരമാണ് ശക്തി' എന്ന പ്രമാണം സഭക്കിതരമാണ്. ക്രിസ്തു[illegible]ണ് ശക്തി. ക്രിസ്തുവിലേക്കുയരുവാൻ ശക്തിപ്രാപിക്കുന്ന സമീപനമാണ് സ[illegible] 'ക്ഷണികമായ അധികാര'ത്തിനായി സ്വാർത്ഥ മോഹങ്ങൾക്കായി പള്ളികളെ [illegible]യവൽക്കരിക്കരുതെ. പള്ളി രാഷ്ട്രീയത്തിന്റെ തായ്‌വേര് അഹങ്കാര സമീപനമാണ്. അത് സംഹാര ശക്തിയോടെ ആഞ്ഞടിക്കുമ്പോൾ 'സാദാ രാഷ്ട്രീയത്തേക്കാൾ' അധഃപതിക്കും.

'പള്ളി രാഷ്ട്രീയ'ത്തിന്റെ താഴ്‌വരയിൽ മേയുന്ന ബാശാൻ കൂറ്റങ്ങൾക്കെതിരെ 'ചാട്ടവാറുമായി ക്രിസ്തു' എത്താതിരിക്കില്ല. ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുവാൻ! നാളും നാഴികയും അറിയാകയാൽ ഉണർന്നിരിക്കാം.......!

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ.

# ഇടയലേഖനം



വാത്സല്യമക്കളേ,

കഴിഞ്ഞ ജൂൺ മാസത്തിൽ നാം ബറോഡായിൽ ആയിരുന്നപ്പോൾ നടന്ന ഒരു ചെറിയ സംഭവത്തിന്റെ പശ്ചാതലത്തിൽ ഒരു ചിന്ത നിങ്ങളുമായി പങ്കിടുവാനാണ് ആഗ്രഹിക്കുന്നത്.

രാവിലെ 7 മണി. എന്റെ ചുമതലയിലുള്ള ഗുജറാത്തിലെ റിഫൈനറി ഇംഗ്ലീഷ് മഡിയം സ്കൂളിലേക്കുള്ള പ്രധാനവീഥിയിലൂടെ എതിർ ദിശയിൽ ഞാൻ കാറിൽ യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു വിദ്യാർത്ഥി ഒരു ഭവനത്തിന്റെ അങ്കണത്തിലേക്ക് അതിന്റെ ഉടമസ്ഥൻ അറിയാതെ കടന്ന് അവിടെ നട്ടുപിടിപ്പിച്ചിരുന്ന റോസാച്ചെടിയിൽ നിന്ന് പൂവിറുത്തുകൊണ്ട് പുറത്തേക്കു വരുന്നത് ഞാൻ കാണുകയുണ്ടായി. അവൻ സ്കൂൾ യൂണിഫോം ധരിച്ചിരുന്നതുകൊണ്ട് എന്റെ സ്കൂളിലെ വിദ്യാർത്ഥിയാണെന്ന് തിരിച്ചറിയാൻ പ്രയാസമുണ്ടായില്ല.ഞാൻ ഉടൻതന്നെ കാറു നിർത്തി അവനെ കാറിന്റെ സമീപത്തേക്കു വിളിച്ച് അവനോടു ചോദിച്ചു. "നീ എന്തിനാണ് പൂവിറുത്തത്." "ഇതെന്റെ ക്ലാസ് ടീച്ചർക്കു കൊടുക്കാനാണ്" അവൻ മറുപടി പറഞ്ഞു. ആ കുട്ടിയുടെ ഉത്തരം എന്നെ വളരെ ചിന്തിപ്പിച്ചു. ക്ലാസ്ടീച്ചറുടെ പ്രീതി സമ്പാദിക്കുവാൻ മോഷണം നടത്തുന്നത് തെറ്റല്ല എന്ന് അവൻ ധരിച്ചു വെച്ചിരിക്കുന്നു. ഇന്നത്തെ സമൂഹത്തിൽ പലരുടേയും ചിന്ത ഇതുതന്നെയാണ്. ഈശ്വരനേയും മേലുദ്യോഗസ്ഥരേയും പ്രീതിപ്പെടുത്താൻ ഏതു തെറ്റായ മാർഗ്ഗവും സ്വീകരിക്കാം.

ആദിമ കാലം മുതൽ തന്നെ ആദർശനിഷ്ഠ ഇല്ലാത്ത മാനവ സമൂഹത്തിന്റെ ജീവിത തത്വ ശാസ്ത്രമാണ് 'ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു' എന്നത്. ലക്ഷ്യം നന്നായിരിക്കണം - മാർഗ്ഗം എന്തും ഏതും സ്വീകരിക്കാൻ അവർക്ക് സ്വാതന്ത്ര്യം ഉണ്ടുപോലും. ഇന്നു ലോകത്തിൽ നടക്കുന്ന എല്ലാ അക്രമങ്ങൾക്കും, അന്യായങ്ങൾക്കും, അഴിമതികൾക്കും, മേൽ പ്രസ്ഥാവിച്ച തത്വശാസ്ത്ര പ്രകാരം നീതികരണം ലഭിക്കും. ഇവയുടെ എല്ലാ ലക്ഷ്യം ധനസമ്പാദനം മാത്രം. ധനസമ്പാദനം അതിൽത്തന്നെ നിഷിദ്ധം അല്ലല്ലോ!

സഭാഗാത്രത്തിലും ഈവിധം ചിന്തിക്കുന്നവർ ധാരാളം ഉണ്ട്. ഏതു മാർഗ്ഗവും സ്വീകരിച്ചും പണമുണ്ടാക്കുക. അതിലൊരംശം സഭക്കോ, പള്ളിക്കോ, പരിശുദ്ധന്മാർക്കോ കൊടുത്താൽ പണം സമ്പാദിക്കുവാൻ ആശ്രയിച്ച മാർഗ്ഗം സ്വീകരിച്ചതിന്റെ കൊടിയപാപം സ്വയമേവ ഇല്ലാതെയായിപ്പോകും എന്ന് ഈ "വിശ്വാസികൾ" വിശ്വസിക്കുന്നുണ്ടെന്ന് തോന്നുന്നു. ദൈവത്തേയും പരിശുദ്ധന്മാരേയും, "കൈക്കൂലി" കൊടുത്തു സ്വാധീനിക്കാം എന്നും ഇവർ കരുതുന്നു.



ഈ ചിന്താഗതിക്കാർ സഭയിൽ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. പേരും പ്രസിദ്ധിയും, ലഭിക്കുന്നതിനായി അവർ ലക്ഷങ്ങൾ ചെലവഴിക്കും. പക്ഷേ ഇപ്രകാരം ചെലവഴിക്കുന്നത് മിക്കവാറും, ആത്മാർത്ഥതയുടെ കണിക ഇല്ലാതെയും.

ധനമോ, ധനസമ്പാദനമോ, അതിൽ തന്നെ ഒരു പാപമല്ല. എന്നാൽ അത് തെറ്റായ മാർഗ്ഗങ്ങളിൽ കൂടി ആകരുത് എന്നു മാത്രം. ദൈവത്തിനു സമർപ്പിക്കുന്ന ദാനത്തെ കുറിച്ച് വി. വേദപുസ്തകം വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. "ഒരുത്തൻ നേർച്ചനിവർത്തിക്കായിട്ടോ, സ്വമേധാനമായിട്ടോ, യഹോവക്കു, മാടുകളിൽ നിന്നാകട്ടെ. ആടുകളിൽ നിന്നാകട്ടെ ഒന്നിനെ സമാധാനയാഗമായിട്ട് അർപ്പിക്കുമ്പോൾ അത് പ്രസാദമാകുവാൻ തക്കവണ്ണം ഊനമില്ലാത്തതായിരിക്കേണം. അതിനൊരു കുറവും ഉണ്ടായിരിക്കരുത്". (ലേവ്യ 22:21). "ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ നിന്റെ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ച്, ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നുകൊൾക. പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക. (മത്തായി 5:23-24).

"ഏലിയുടെ ഭവനത്തിന്റെ അകൃത്യത്തിന് യാഗത്താലും, വഴിപാടിനാലും, ഒരു നാളും, പരിഹാരം വരികയില്ല എന്ന് ഞാൻ ഏലിയുടെ ഭവനത്തോട് സത്യം ചെയ്തിരിക്കുന്നത്. (1 ശമുവേൽ 3:14) "ഹനനയാഗം നീ ഇശ്ചരിക്കുന്നില്ല അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു. ഹോമയാഗത്തിൽ നിനക്ക് പ്രസാദവുമില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സും തകർന്നും നുറുങ്ങിയിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല. (സങ്കീർത്തനം 51:16-17) "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പീൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പീൻ (എഫേസ്യർ 5:1-2).

നാമോരോരുത്തരും ദൈവമുമ്പാകെ സമർപ്പിക്കുന്നത് സത്യത്തിലും, നീതിയിലും, സമ്പാദിച്ചതാകണം. "ഊനമുള്ളയാതൊന്നിനേയും നിങ്ങൾ അർപ്പിക്കരുത്. അതിനാൽ നിങ്ങൾക്ക് പ്രസാദം ലഭിക്കയില്ല." (ലേവ്യ 22:20) സ്വന്തം പ്രയത്നത്തിന്റെ ഫലം വേണം ദൈവമുമ്പാകെ സമർപ്പിക്കുവാൻ. ശ്രീകൃഷ്ണനുമുമ്പാകെ സമർപ്പിക്കുവാൻ കുചേലന് ഒരു പിടി അവൽ മാത്രമാണുണ്ടായിരുന്നത്. നിർദ്ധനയായ വിധവ സമർപ്പിച്ച ചില്ലിക്കാശ് മറ്റുള്ളവരുടെ നേർച്ചയേക്കാൾ മഹത്തരമെന്ന് കർത്താവ് വിശേഷിപ്പിച്ചു. ഇവയൊക്കെ നമുക്കൊരു പാഠമായിരിക്കട്ടെ. ഹൃദയപൂർവ്വം സമർപ്പിക്കുന്നത് എന്തും ദൈവത്തിന് പ്രസാദകരമായിരിക്കും. സഭയുടെ ശുദ്ധീകരണത്തിന്റെയും പ്രതിഷ്ഠയുടെയും കാലയളവിൽ നമുക്ക് നമ്മെത്തന്നെ സൗരഭ്യധൂപമായി ദൈവമുമ്പാകെ സമർപ്പിക്കാം.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ ബലഹീനനായ

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത.**

ധ്യാനം

**ഫാ. ഗീവറുഗീസ് ജോൺ**

**യൗസേഫ് ഫലപ്രദമായൊരു വൃക്ഷം;**
**നീരുറവിനരികെ ഫലപ്രദമായ വൃക്ഷം തന്നെ (ഉല്പത്തി 49:22)**

മനുഷ്യസമൂഹം ധാർമ്മികമായി അധ:പതിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. സാന്മാർഗ്ഗികമല്ലാത്ത പ്രവർത്തനങ്ങൾ ഇന്ന് പെരുകിക്കൊണ്ടിരിക്കുന്നു. പത്രങ്ങളിലൂടെയും മറ്റു മാദ്ധ്യമങ്ങളിലൂടെയും ഇത്തരത്തിലുള്ള സംഭവങ്ങൾ നാം ദിനംപ്രതി വായിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതിയും അധാർമ്മികതയും ഇന്ന് മനുഷ്യ ജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞിരിക്കുന്നു. ഇതിൽ നിന്ന് ഇളം തലമുറയെ പ്രത്യേകിച്ച് യുവതലമുറയെ മോചിപ്പിക്കുവാൻ നമുക്കു ബാദ്ധ്യതയുണ്ട്.

## നീതിമാനായ യൗസേഫ്

പഴയ നിയമത്തിലെ ഉജ്ജ്വല കഥാപാത്രമായ നീതിമാനായ യൗസേഫ് ഇക്കാര്യത്തിൽ യുവാക്കൾക്ക് മാതൃകയാകേണ്ടതാണ്. ധാർമ്മികമായി അധ:പതിക്കുവാനുള്ള സാഹചര്യങ്ങൾ ഉണ്ടായപ്പോൾ ദൈവകൃപയാൽ അതിനെ അതിജീവിക്കുവാനുള്ള അവസരം ലഭിച്ചതിനാൽ ഉന്നതമായ സ്ഥാനങ്ങളിലേക്ക് ദൈവം അവനെ വഴി നടത്തി. മിസ്രമിലെ ജനങ്ങൾക്ക് ഫലപ്രദമായ സേവനം ചെയ്യുവാൻ യൗസേഫിന് സാധിച്ചു. കേവലം പതിന്നാലു വയസ്സുള്ളപ്പോഴാണ് യൗസേഫ് വിൽക്കപ്പെടുന്നത്. അവൻ ഫറവോന്റെ സന്നിധിയിൽ ആയിരിക്കുമ്പോൾ മുപ്പതു വയസ്സുണ്ടായിരുന്നു. ഒരു മനുഷ്യന്റെ യൗവ്വനകാലമാണിത്. പതിനേഴു വയസ്സു മുതലുള്ള കാലഘട്ടത്തിൽ പ്രലോഭനങ്ങളെ അതിജീവിച്ച് ഫലപ്രദമായൊരു വൃക്ഷമാകുവാൻ യൗസേഫിന് കഴിഞ്ഞത് യഹോവ അവനോടു കൂടെ ഉണ്ടായിരുന്നതുകൊണ്ടാണ് (ഉല്പത്തി 39:21) അവന്റെ അപ്പനായ യാക്കോബ്, അവനെ അനുഗ്രഹിച്ചപ്പോൾ 'ഫലപ്രദമായ വൃക്ഷം' എന്ന് വിശേഷിപ്പിച്ചതും അതുകൊണ്ടാണ്.

നമ്മുടെ ജീവിതത്തിൽ പ്രത്യേകിച്ച് യൗവന കാലത്ത് പ്രലോഭനങ്ങളും സമ്മർദ്ദങ്ങളും നിരവധിയായി ഉണ്ടായിക്കൊണ്ടിരിക്കും. അതിനെ അതിജീവിക്കുവാൻ നമുക്ക് കഴിയണം. സമൂഹത്തിന് പ്രയോജനപ്രദങ്ങളായ വൃക്ഷങ്ങളായി മാറണം. യൗസേഫിനെപ്പോലെ മോഹത്തിന്മേൽ വിജയം വരിക്കുവാൻ നമുക്ക് സാധിക്കണം.

ദൈവസാന്നിദ്ധ്യമാണ് ഇതിന് ആവശ്യമായിട്ടുള്ളത്. യഹോവ യൗസേഫിനോടു കൂടെയിരുന്നതുകൊണ്ടാണ് പ്രലോഭനങ്ങളെ അതിജീവിക്കാനും സ്വപ്നങ്ങളെ വ്യാഖ്യാനിക്കുവാനും അവന് കഴിഞ്ഞത്. ദൈവം നമ്മോടു കൂടെയുണ്ടെങ്കിൽ വൻകാര്യങ്ങൾ ചെയ്യുവാൻ നമുക്ക് കഴിയും. യൗവ്വന കാലത്ത് സൃഷ്ടാവായ ദൈവത്തെ ഓർക്കുവാൻ വേദ പുസ്തകം നമ്മെ പഠിപ്പിക്കുന്നു. യുവതലമുറ തെറ്റുകളിലേക്ക് വഴുതി വീഴുമ്പോൾ അതു സമൂഹത്തിന് ദോഷമാകുന്നു. ദൈവത്തിൽ നിന്ന് അകലുമ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നത്.

## ദൈവാശ്രയ ബോധം

യുവാക്കൾക്ക് ദൈവാശ്രയബോധത്തിൽ വളരുവാൻ കഴിയണം. എങ്കിൽ മാത്രമേ ഫലപ്രദമായ വൃക്ഷങ്ങളായി വളരുവാൻ കഴിയുകയുള്ളൂ. എല്ലാവരും, അവരവരുടെ ജീവിതത്തെ വിലയിരുത്തിക്കൊണ്ട് തങ്ങൾ യൗസേഫിനെപ്പോലെ ഫലപ്രദമായ വൃക്ഷങ്ങളാണോ എന്ന് സ്വയം ചിന്തിക്കണം. സമ്മർദ്ദങ്ങളിൽ നിന്ന് അകലുവാനും ദൈവത്തോടു കൂടുതൽ അടുക്കുവാനും നമുക്ക് കഴിയണം. സാത്താന്റെ പ്രവർത്തനമാണ് സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും നമ്മേ പ്രേരിപ്പിക്കുന്നത്. ദൈവത്തോട് കൂടുതലായി അടുക്കുമ്പോൾ ഇത് നമ്മിൽ നിന്ന് നീങ്ങിപ്പോകും. ദൈവം നമ്മോടു കൂടെയുള്ളപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുവാൻ നമുക്ക് കഴിയും. കുടുംബമായി ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ നാം ഫലപ്രദമായ വൃക്ഷങ്ങളായി സമൂഹത്തിന് പ്രയോജനമുള്ളവരായിത്തീരുകയും ചെയ്യും. ❑



# കേരളാ വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ. പി.ജെ. ജോസഫിന് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അയച്ച കത്ത്.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ. മന്ത്രി,

ഞാനൊരു ഇടതുപക്ഷ ചിന്താഗതിക്കാരനോ, വലതുപക്ഷ ചിന്താഗതിക്കാരനോ അല്ല. സമൂഹത്തിന്റെ നന്മക്കുവേണ്ടി ഏതു രാഷ്ട്രീയ പാർട്ടിയും, പുരോഗമനപരമായ കാര്യങ്ങൾ ചെയ്യുമ്പോൾ സന്തോഷിക്കുകയും, ജനദ്രോഹ പരമായ കാര്യങ്ങൾ ചെയ്യുമ്പോൾ അതിനെ വിമർശിക്കുകയും, ചെയ്യുന്ന ഒരാളാണ്. താങ്കൾ വിദ്യാഭ്യാസമന്ത്രിയായി ചുമതല ഏറ്റെടുത്ത ശേഷം നടത്തിയിട്ടുള്ള പ്രസ്താവനകളും, നയപ്രഖ്യാപനങ്ങളും ശ്രദ്ധേയങ്ങളും, യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളുന്നവയും ആകയാൽ അഭിനന്ദിക്കുവാനാണ് ഈ കത്തെഴുതുന്നത്. വിദ്യാഭ്യാസവിഷയങ്ങളിൽ അല്പം താല്പര്യം ഉള്ളതുകൊണ്ടുമാണ് ഈ പ്രതികരണം. രാഷ്ട്രീയ അതിപ്രസരത്തിൽ വസ്തുതകളും സത്യങ്ങളും വിസ്മരിക്കപ്പെടുന്നത്. ഒരു സാധാരണ സംഭവം ആണല്ലോ? എന്നാൽ താങ്കൾ അതിനതീതമായി ചിന്തിക്കുകയും, പ്രവൃത്തിക്കുകയും ചെയ്യുന്നു എന്ന്, ആദ്യമേ തന്നെ സസന്തോഷം പ്രസ്താവിക്കട്ടെ.

വിദ്യാഭ്യാസ മേഖലയെ ഗ്രസിച്ചിരിക്കുന്ന രണ്ട് അപകടങ്ങളാണ് നിലവാര തകർച്ചയും, മൂല്യശോഷണവും. രോഗകാരണം കണ്ടെത്തിയാൽ ചികിത്സ എളുപ്പം ആണല്ലോ?

ഈ അടുത്തകാലത്ത് പുറപ്പെടുവിച്ച രണ്ട് ഗവ: ഉത്തരവുകളും, പ്രശ്നപരിഹാരത്തിനുള്ള ആത്മാർത്ഥമായ ആഗ്രഹങ്ങളുടെ ഉദാഹരണങ്ങളാണ്. പ്രൈമറി സ്കൂളുകളെ, ഇക്കണോമിക്ക്, അൺഇക്കണോമിക്ക് എന്നു വേർതിരിച്ച് വിദ്യാർത്ഥികളെ കഷ്ടപ്പെടുത്തിയ മുൻ ഉത്തരവുകൾ റദ്ദാക്കി പ്രൈമറി സ്കൂളുകളിൽ മതിയായ അധ്യാപകരെ നൽകുകയും വ്യക്തിത്വ വികസനത്തിന് സഹായിക്കുന്ന പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി, സംഗീതാധ്യാപകരുടേയും, കായികാധ്യാപകരുടേയും, മറ്റും തസ്തികകൾ നിലനിർത്തിക്കൊണ്ടുള്ള ഉത്തരവുകൾ, ആശയങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാനുള്ള നിശ്ചയദാർഢ്യത്തിന്റെ തെളിവായി ഞാൻ കാണുന്നു. ദേശീയ വിദ്യാഭ്യാസത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് സ്കൂൾ വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ മാറ്റത്തിനുള്ള ഒരു ചുവടുവയ്പായും, ഞാൻ അതിനെ മനസ്സിലാക്കുന്നു. പ്രൈമറി ക്ലാസ്സുകളിൽ സംസ്കൃതം, അറബി, ഉറുദു, തുടങ്ങിയ അധ്യാപക നിയമനങ്ങൾ കാരണം വർദ്ധിച്ചുവരുന്ന സാമ്പത്തിക ഭാരം, സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ തസ്തികകൾ കുറവു ചെയ്താണ് പിടിച്ചു നിർത്തിയിരിക്കുന്നത് എന്നുള്ളത് എല്ലാവർക്കും അറിവുള്ള സത്യമാണ്.

അധ്യായന നിലവാര തകർച്ചയുടെ കാരണങ്ങളും താങ്കൾ ഇതിനോടകം കണ്ടെത്തിക്കഴിഞ്ഞു. പ്രൈമറി ക്ലാസ്സുകളിൽ നിർബന്ധമായും മലയാളം മാത്രം അധ്യയനമാധ്യമം ആക്കുക, യു.പി. ക്ലാസ്സുകളിൽ അധ്യാപകരുടെ അടിസ്ഥാന യോഗ്യത സർവ്വകലാശാലാ ബിരുദം ആക്കുക, പ്രൈമറി അധ്യാപക പരിശീലനത്തിന് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്രീ-ഡിഗ്രി ആക്കുക, ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും, ക്ലാസ്സുകയറ്റം നൽകി വരുന്ന രീതിനിർത്തലാക്കുക, ഡിഗ്രിക്ലാസ്സുകളിൽ ഐശ്ചിക വിഷയങ്ങൾക്ക് തുല്യ പ്രാധാന്യം നൽകുക, തുടങ്ങിയ കാര്യങ്ങൾ നിങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നു എങ്കിൽ അധ്യയന രംഗത്ത് ദൂരവ്യാപകമായ സൽഫലങ്ങൾ ഉണ്ടാകും എന്നതിന് രണ്ടു പക്ഷമില്ല.

വിദ്യഭ്യാസ രംഗത്ത് പലമാറ്റങ്ങളും വരുത്തുവാൻ താങ്കൾ ആഗ്രഹിക്കുന്നു എന്നുള്ളതുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു.

1. വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കണമെങ്കിൽ കുട്ടികളെ കേന്ദ്രീകരിച്ച് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടക്കണം അത് ഇന്ന് ഈ സംസ്ഥാനത്ത് നടക്കുന്നില്ല. നമ്മുടെ കുട്ടികൾ അവഗണിക്കപ്പെടുകയും, വിദ്യാഭ്യസരംഗം അധ്യാപകരുടെ ഒരു പ്രകടന മേഖലയായി മാറുകയും ചെയ്തിട്ടുണ്ട്. സ്കൂൾ തലത്തിൽ നടത്തപ്പെടുന്ന പരിപാടികളിൽ കുട്ടികൾക്ക് പങ്കാളിത്തം ഇല്ല എന്നുതന്നെ പറയാം.
2. ആർഷ ഭാരത സംസ്കാരത്തെപ്പറ്റി മതിപ്പുളവാക്കുന്നതോ അഭിമാനം തോന്നിക്കുന്നതോ ആയ കാര്യങ്ങൾ നമ്മുടെ പാഠ്യ പദ്ധതികളിലില്ല. ഉണ്ടെങ്കിൽത്തന്നെ വളരെ ചുരുക്കം. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെപ്പറ്റിയോ സ്വാതന്ത്ര്യത്തിനു വേണ്ടി ഗാന്ധിജി ഉൾപ്പെടെയുള്ള നേതാക്കന്മാർ വഹിച്ച പങ്കിനെപ്പ

റ്റിയോ ശരിയായ ഊന്നൽ കൊടുക്കാത്ത ഒരു പാഠ്യപദ്ധതി ഉപയോഗിക്കുന്നതിനാൽ നമ്മുടെ വിദ്യാർത്ഥികളിൽ രാജ്യസ്നേഹം വളർത്താൻ നമുക്ക് സാധിക്കുന്നില്ല. സ്വന്തം രാജ്യത്തോട് കൂറുണ്ടെങ്കിൽ മാത്രമേ വ്യക്തി താല്പര്യത്തിനുപരിയായി രാജ്യതാല്പര്യം മനസ്സിലാക്കി വ്യക്തികൾ രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകൂ.

3. സന്മാർഗ്ഗകാര്യങ്ങൾ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നതിന് ഉതകുന്ന സംഗതികൾ ഇന്ന് നമ്മുടെ പാഠ്യപദ്ധതികളിലില്ല. വ്യക്തിത്വവികസനം എന്നപേരിൽ ഒരു പുതിയ വിഷയം ആവിഷ്കരിക്കുകയും, സന്മാർഗ്ഗചിന്തകൾ കുട്ടികളുടെ ഹൃദയത്തിൽ കരുപ്പിടിപ്പിക്കുന്ന കഥകൾ പുരാണങ്ങളിൽ നിന്നും, അറേബ്യൻ കഥകളിൽ നിന്നും മറ്റും തിരഞ്ഞെടുത്ത് എഴാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത് നന്നായിരിക്കും. എന്റെ മാനേജ്മെന്റിൽ ഉള്ള സ്കൂളുകളിൽ ഉപയോഗിക്കുന്ന രണ്ട്പുസ്തകങ്ങൾ (ബാലദീപ്തി, വ്യക്തിത്വ വികസനം) ഇതോടൊപ്പം അയക്കുന്നു.

4. യുവജനോത്സവ വേദികൾ പുറത്തു നിന്നുള്ള പരിശീലകരുടെ മത്സരവേദികളായി മാറിക്കഴിഞ്ഞിട്ടുണ്ട്. സ്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ വാസനകൾ കണ്ടെത്തി അതിനെ പ്രോത്സാഹിപ്പിക്കുവാനുള്ള സംവിധാനം സ്കൂൾ തലത്തിൽ ആദ്യമേ ഉണ്ടാവണം.

5. പത്തു വർഷം മലയാളഭാഷ പഠിച്ച് എസ്സ്.എസ്സ്.എൽ.സി പരീക്ഷയും, തുടർന്ന് അധ്യാപക പരിശീലനവും, കഴിഞ്ഞവർക്ക്പോലും മലയാളഭാഷ തെറ്റു കൂടാതെ കൈകാര്യം ചെയ്യാനാവുന്നില്ല. ആർക്കും കൈകാര്യം ചെയ്യാവുന്ന വിഷയമാണ് മലയാള ഭാഷ എന്ന സ്ഥിതിമാറണം. പ്രൈമറി ക്ലാസ്സുകളിൽ മലയാള ഭാഷാ പഠനത്തിന് മതിയായ യോഗ്യതയുള്ള അധ്യാപകർ നമ്മുടെ സ്കൂളുകളിൽ ഉണ്ടാവണം.

6. അധ്യാപകരുടെ ജോലി വിലയിരുത്തുവാനുള്ള ഫലപ്രദമായ ഒരു സംവിധാനം ഇന്നു നിലവിലില്ല. ഒന്നാം ക്ലാസ്സിൽ വന്നുചേരുന്ന ഒരു വിദ്യാർത്ഥി അവന്റെ മാനവശേഷി ഒരു പരിധിവരെയെങ്കിലും പൂർണ്ണതയിൽ എത്താൻ സാധിക്കാതെ പത്തുവർഷത്തിനു ശേഷം കലാലയം വിടുവാൻ ഇടയാകുന്നു എങ്കിൽ, അതിന് ആരാണുത്തരവദി? ഉപഭോക്തൃനിയമത്തിന്റെ പരിധിയിൽ അധ്യാപകരേയും, ഉൾപ്പെടുത്തണം എന്നു നിർദ്ദേശിക്കുവാൻ തോന്നിപ്പോകുന്നു. അമിതമായ സേവനവേതന ആനുകൂല്യങ്ങളും, സംരക്ഷണകളും ഒരു പരിധിവരെ അധ്യാപകരിൽ അലസതയും, ഉത്തരവാദിത്വം ഇല്ലായ്മയും, സൃഷ്ടിക്കുന്നതിനിടയാക്കിയിട്ടുണ്ട് എന്നുള്ളത് ഒരു സത്യമാണ്.

7. കലാലയങ്ങളിലെ രാഷ്ട്രീയ അതിപ്രസരം കാരണം പല നിർദോഷികളും ഇതിനോടകം വധിക്കപ്പെട്ടു എന്നുള്ള വസ്തുത താങ്കൾക്കും അറിവുള്ളതാണല്ലോ? ഈ കാര്യത്തിൽ ഗവൺമെന്റ് മൗനം പാലിക്കുന്നത് ഭൂഷണം അല്ല. കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കുന്നതിനെ സംബന്ധിച്ച് ഒരു പൊതു ചർച്ച നന്നായിരിക്കും.

8. കെ.ഇ.ആർ. നിലവിൽ വന്ന വർഷം മുതൽ സ്കൂളുകളുടെ വാർഷിക സംരക്ഷണ ആവശ്യങ്ങൾക്ക് ഹൈസ്കൂൾ വിഭാഗത്തിൽ കുട്ടി ഒന്നിന് അഞ്ചുരൂപയും, പ്രൈമറി വിഭാഗത്തിൽ കുട്ടി ഒന്നിന് മൂന്നു രൂപ ഇരുപത്തിയഞ്ചു പൈസയുമാണ് ഗ്രാന്റായി അനുവദിച്ചുകൊണ്ടിരിക്കുന്നത്. നാലു ദശകങ്ങൾ പിന്നിടുന്ന ഈ അവസരത്തിലും കെ.ഇ.ആർ. പല തവണ ഭേദഗതി ചെയ്തു എങ്കിലും, വാർഷിക സംരക്ഷണ ഗ്രാന്റിന്റെ കാര്യത്തിൽ യാതൊരു ഭേദഗതിയും ഇതുവരെ ഉണ്ടായിട്ടില്ല.

9. അധ്യാപക നിയമനങ്ങൾ Rule 43ഉം, 51 A ഉം അനുസരിച്ച് നടക്കുന്ന അവസരങ്ങളിൽ അധ്യാപകരുടെ അവകാശങ്ങൾ ഉറപ്പാക്കി നിയമനം നടത്തുന്നുണ്ടെങ്കിലും ഈ കാലയളവിൽ കുട്ടികളുടെ അവകാശം വിസ്മരിക്കപ്പെടുന്നു എന്നത് ഒരു നഗ്നസത്യമാണ്. അവർക്ക് വോട്ടില്ലാത്തതുകൊണ്ട് അവരുടെ ഭാഗം വാദിക്കാൻ ആരും മുമ്പോട്ടു വരുന്നില്ല. വർഷാരംഭത്തിലും, സ്റ്റാഫ് ഫിക്സേഷനുശേഷം ഉണ്ടാകുന്ന സ്ഥിരം തസ്തികകളിലും, Rule 43 അവകാശികൾക്ക് നൽകുകയും, ഇടക്കുണ്ടാകുന്ന ഹ്രസ്വകാല (ഒരു അധ്യയനവർഷത്തിൽ കുറവുള്ള) ഒഴിവുകളിൽ 51 A-ക്കാരെ അവരുടെ സീനിയോർട്ടി അനുസരിച്ച് (ഇത് കോർപ്പറേറ്റ് മാനേജുമെന്റുകൾക്കുമാത്രം) നിയമിക്കുകയും ചെയ്യുന്നു എങ്കിൽ അത് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു വലിയ അനുഗ്രഹം ആയിരിക്കും. ഹ്രസ്വകാല ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ Rule 43 അവകാശികളുടെ സീനിയോർട്ടിയെ ബാധിക്കാത്തതുകൊണ്ട് സാധാരണയായി അവർ പ്രൊമോഷൻ സ്വീകരിക്കാറില്ല. ഇപ്പോഴത്തെ രീതിയിൽ നടപടികൾ പൂർത്തിയാക്കി നിയമനം വരുമ്പോഴേക്കും ഒഴിവിന്റെ കാലാവധിയും അവസാനിച്ചിരിക്കും. ഈ കാലയളവിൽ കഷ്ടപ്പെടുന്നത്, പാവം വിദ്യാർത്ഥികളും.



# വ്യക്തിത്വ വികസനത്തിന്...

**ജോസ് കോശി, പന്തളം**

1. മറ്റുള്ളവർ നിങ്ങളെ വെറുക്കുന്നുവെന്ന, ചിന്ത വെടിയുക. മിക്കവാറുമുള്ളവർ സൗഹൃദം ഇഷ്ടപ്പെടുന്നവരാണ്.

2. മറ്റുള്ളവരെ പറ്റി അറിയുവാൻ ആത്മാർത്ഥമായ ആഗ്രഹം കാണിക്കുക.

3. നിങ്ങൾ ഏകനാണെന്നും, മറ്റുള്ളവരെക്കാൾ വളരെ ഭിന്നനാണെന്നും ചിന്തിക്കാതിരിക്കുക.

4. മറ്റുള്ളവർ നിങ്ങളെ പറ്റി എന്തു വിചാരിക്കും എന്ന ചിന്തയിൽ മാത്രം മുഴുകി സമയം കളയാതിരിക്കുക. എല്ലാവരേയും തൃപ്തിപ്പെടുത്താമെന്നും, സന്തോഷിപ്പിക്കാമെന്നും വിചാരിക്കാതിരിക്കുക.

5. മറ്റുള്ളവർ നിങ്ങളോടു ശരിയായ രീതിയിൽ പ്രതികരിക്കാതിരിക്കുകയാണെങ്കിൽ പോലും നിരാശനാകാതിരിക്കുക. അവരവരുടെതായ പ്രശ്നങ്ങൾ കാരണമാകാം, നിങ്ങൾ പ്രതീക്ഷിക്കുന്ന തരത്തിലുള്ള പ്രതികരണം മറ്റുള്ളവരിൽ നിന്നും ഉണ്ടാകാത്തത്.

6. അന്യർ നിങ്ങളോടു കാണിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നത്, നിങ്ങൾ തന്നെ അന്യർക്ക് ചെയ്യുക. മറ്റുള്ളവരോട് ദയയുള്ളവരായിരിക്കാൻ ശ്രദ്ധിയ്ക്കുക.

7. മറ്റുള്ളവരുമായി സൗഹൃദം സ്ഥാപിക്കുന്നതു മൂലം നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന അസൗകര്യങ്ങളെ ഓർത്തു വിഷമിക്കാതിരിക്കുക.

8. നിങ്ങളുടെ കഴിവിൽ നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിലും അമിതാദ്ധ്വാനം നിങ്ങളെ മാനസ്സികമായും, ശാരീരികമായും തളർത്തുമെന്നതിനാൽ, വിശ്രമത്തിന് ആവശ്യമായ സമയം കണ്ടെത്താൻ ശ്രമിക്കുക. മാനസികാസ്വസ്ഥ്യം ഉളവാക്കുന്ന അവസരങ്ങളിൽ സുഹൃദ്ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടാതെ പ്രത്യേകം ശ്രദ്ധിക്കണം.

9. സംഭാഷണങ്ങളുടെ അവസരങ്ങളിൽ മറ്റുളളവരുടെ അഭിപ്രായങ്ങൾക്കും ചെവി കൊടുക്കുക. അങ്ങനെയെങ്കിൽ നിങ്ങളുടെ സാമിപ്യം മറ്റുള്ളവർ ഇഷ്ടപ്പെടുകയും, നിങ്ങളെ കേൾക്കുകയും ചെയ്യും.

10. മറ്റുള്ളവരുടെ വാക്കുമാത്രം കേട്ട് അന്യരെപറ്റി മോശമായി ചിന്താക്കിതിരിക്കുക. മറ്റുള്ളവരെപ്പറ്റി മുൻവിധികൾ പാടില്ല.

**അന്യരെപ്പറ്റി നല്ലതായി ഒന്നും നിങ്ങൾക്ക് പറയാനില്ലെങ്കിൽ മൗനം പാലിക്കുക.**

---

താങ്കൾ കെ.ഇ.ആർ. സമൂലം പരിവർത്തനം ചെയ്യുവാൻ ആഗ്രഹിക്കുന്നതായറിയുന്നു. വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുകൊണ്ടും അവരുടെ താല്പര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടും ഈ കാര്യത്തിൽ താങ്കൾ വേണ്ടതു ചെയ്യും എന്നുള്ള പ്രത്യാശയോടു കൂടി ഈ കത്തുചുരുക്കുന്നു.

ഈ വിഷയങ്ങളെകുറിച്ച് ഒരു പൊതു ചർച്ച ആഗ്രഹിക്കുന്നതു കൊണ്ട് ഇത് പത്രങ്ങൾക്കും നൽകുന്നു.

സ്നേഹാദരവുകളോടെ,

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത**

മാനേജർ

(കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ, കോട്ടയം)

ഡോ. സാമുവൽ ചന്ദനപ്പള്ളി

# പ്രഭാഷണകലയുടെ പത്തു കല്പനകൾ

1. ഈശ്വരൻ മനുഷ്യന് നല്കിയിരിക്കുന്ന വരപ്രസാദമാണ് ആശയവിനിമയശേഷി. അത് ഫലപ്രദമായി വിനിയോഗിക്കുവാനാണ് മനുഷ്യനെ ഭൂമിയിൽ വിട്ടിരിക്കുന്നത്. പ്രഭാഷണത്തിലൂടെയും സാഹിത്യ മാദ്ധ്യമത്തിലൂടെയും ആശയവിനിമയം നടത്താം. മനുഷ്യനിൽ നിഗൂഢമായി നിലകൊള്ളുന്ന പ്രഭാഷണത്വരയെ നിരന്തരഭ്യാസത്തിലൂടെ വളർത്തിയെടുക്കുക എന്നത് ഒരു ജീവിത ദൗത്യമായി സ്വീകരിക്കുക.

2. 'മിതം ച സാരം ച വചോഹി വാഗ്മിതാ' (മിതവും സാരവത്തുമായ വാക്കത്രേ വാഗ്മിത്വം' എന്ന ചൊല്ല് പ്രഭാഷകർ നിരന്തരം ഉരുവിടട്ടെ. ഒരു പ്രഭാഷണം തയ്യാറാക്കാൻ ഡോക്ടർ ലൈമാൻ ആബ്ബട്ട് പറയുന്ന സൂക്തങ്ങൾ ശ്രദ്ധിക്കുക:

   പ്രസംഗത്തിന്റെ ലക്ഷ്യം എന്താണെന്ന് ആദ്യം മനസ്സിലാക്കുക. അതനുസരിച്ച് പ്രസംഗിക്കുക, എന്തു ലക്ഷ്യമാണ് നേടേണ്ടത്? എന്തു വിധിനിർണ്ണയമാണ് ഉദ്ദേശിക്കുന്നത്? ഇക്കാര്യങ്ങൾ പ്രസംഗിക്കും മുമ്പ് ഓർക്കുക.

   പ്രസംഗത്തിലെ മുഖ്യചിന്ത എന്താണ്? അതേപ്പറ്റി മനസ്സിലുള്ളത് എങ്ങനെ ഫലപ്രദമായി അവതരിപ്പിക്കാം എന്ന് ആലോചിക്കുക. അപഗ്രഥനം നടത്തുന്ന ഓരോ സന്ദർഭവും വിശദീകരിക്കുക. ആശയങ്ങൾക്ക് വ്യക്തത ഉണ്ടെന്നു ഉറപ്പാക്കുക.

3. ഏതു പ്രഭാഷണത്തിനും നല്ല തയ്യാറെടുപ്പോടുകൂടി പോകുക. ഒരു വിഷയം കൈയിൽ കിട്ടിക്കഴിഞ്ഞാൽ 'എന്ത്, എന്തിന്, എങ്ങനെ' എന്ന് സ്വയം ചോദിച്ച് ഉത്തരം കണ്ടെത്തുക. വെറും കൈയോടെ അഭിമുഖീകരിക്കുന്നവനെ സദസ്യർ അറിഞ്ഞാദരിക്കുകയില്ല; എറിഞ്ഞോടിക്കും.

4. ശ്രോതാക്കൾ പ്രഭാഷകരെക്കാൾ അറിവും നെറിവും ഉള്ളവരാണ്. 'വല്യേട്ടൻഭാവം' പാടില്ല. നിങ്ങൾക്കുവേണ്ടി അവരുടെ വിലപ്പെട്ട സമയം വിട്ടുതരികയാണ്. അവരുടെനേരെ കയർക്കുകയോ ആവശ്യമില്ലാത്ത ചോദ്യങ്ങൾ ചോദിക്കുകയോ ചെയ്യുന്നത് മാന്യതയുടെ മട്ടല്ല.

5. പ്രഭാഷകന്റെ വാക്കും നാക്കും നിയന്ത്രണവിധേയമായിരിക്കണം. വാക്കുകളിലും വാക്യങ്ങളിലും കുലീനത്വം സ്ഫുരിക്കണം. 'നാവു തീയാണ്, തിന്മയുടെ ലോകം. അത് നമ്മുടെ മറ്റവയവങ്ങൾക്കിടയിൽ സ്ഥിതിചെയ്തുകൊണ്ട് ശരീരത്തെ മുഴുവൻ കളങ്കപ്പെടുത്തുമെന്ന ബൈബിൾ വാക്യം പ്രഭാഷകന്റെ മനസ്സിൽ ജ്വലിച്ചു നില്ക്കട്ടെ.

6. പ്രഭാഷകനും ശ്രോതാവും തമ്മിലുള്ള ഹൃദയസംവാദമാണ് നല്ല പ്രഭാഷണം. കൺമുമ്പിലിരിക്കുന്ന ശ്രോതാവിനെ വിസ്മരിച്ചിട്ട്, വിദൂരതയിലേക്ക് കണ്ണയച്ച് സംസാരിക്കരുത്. സദസ്സിന്റെ പ്രതികരണം അറിഞ്ഞും ആരാഞ്ഞും, മുഖഭാവങ്ങൾ ശ്രദ്ധിച്ചും ഓരോ പടിയും പിന്നിടുക. നിലമറിഞ്ഞു വിത്തിട്ടെങ്കിലെ ഫലം കിട്ടൂ.

7. ഓരോ ഭാഷക്കും അതിന്റെ താളവും ലയവും ഉണ്ട്. പ്രഭാഷകർ അക്കാര്യം മനസ്സിലാക്കിയിരിക്കണം. 'ഭാഷയുടെ ജീനിയസ്സിനെ കണ്ടറിഞ്ഞ് ശുദ്ധവും സുന്ദരവുമായ ശൈലിയിൽ ആശയങ്ങൾ അവതരിപ്പിക്കുക. വികലപ്രയോഗങ്ങൾ ഒഴിവാക്കുക, ഉപയോഗിച്ച് തേയ്മാനം വന്ന പദങ്ങളും പ്രയോഗങ്ങളും ശൈലികളും നല്ല പ്രഭാഷണങ്ങളിൽ ഉണ്ടാകാതിരിക്കട്ടെ.

8. മികച്ച പ്രഭാഷകൻ മികച്ച ശ്രോതാവുകൂടിയായിരിക്കണം. മറ്റുള്ളവരുടെ പ്രഭാഷണങ്ങളെ സ്വന്തം പ്രഭാഷണവുമായി താരതമ്യപ്പെടുത്താനും തിരുത്തിക്കുറിക്കാനും അതവസരം ഉണ്ടാക്കുന്നു. ഭാഷ, ആശയം, അവതരണം, ആംഗികചേഷ്ടകൾ, ശബ്ദം - എല്ലാം നിരീക്ഷണത്തിനു വിധേയമാക്കണം.

9. സമയ പാലനത്തെ (Time Management)-ക്കുറിച്ച് സദാ ജാഗരൂകനായിരിക്കുക. നിങ്ങൾ മാത്രമല്ല പ്രഭാഷകൻ. നിങ്ങൾ പ്രസംഗിക്കുകയും മറ്റുള്ളവരെ പ്രസംഗിപ്പാൻ അനുവദിക്കുകയും വേണം. സ്വാഗത പ്രസംഗത്തിന്റെ സാംഗത്യവും, കൃതജ്ഞതാ പ്രകടനത്തിന്റെ സംക്ഷിപ്തതയും ദീക്ഷിക്കപ്പെടണം.



ഫാ: തോമസ് കൊക്കാപ്പറമ്പിൽ

# തിരുശേഷിപ്പിലെ ദൈവശക്തി

പുരാതന ക്രൈസ്തവസഭയുടെ ആരാധനയിലും അനുഷ്ഠാനങ്ങളിലും ഗണ്യമായ സ്ഥാനം പരിശുദ്ധന്മാർക്കും അവരുടെ മദ്ധ്യസ്ഥതയ്ക്കും നല്കിയിരുന്നു. അവരുടെ തിരുശേഷിപ്പുകൾ പ്രതിഷ്ഠിക്കുകയും ആദരിക്കുകയും ചെയ്യുന്നതുവഴി പരിശുദ്ധന്മാരുടെ സാന്നിദ്ധ്യവും ദൈവശക്തിയും ലഭിക്കുമെന്ന് വേദപുസ്തക വചനത്തിന്റെ വെളിച്ചത്തിൽ കണ്ടെത്താൻ കഴിയും.

> സൂര്യന്റെ പ്രകാശം ആഗിരണം ചെയ്ത് പ്രകാശിക്കുന്ന ചന്ദ്രനെപ്പോലെ നീതിസൂര്യനായ ദൈവത്തിന്റെ പ്രകാശം പ്രതിബിംബിക്കുന്നവരെ പരിശുദ്ധന്മാർ, ശുദ്ധിമതികൾ എന്ന് സഭ സംബോധന ചെയ്യുന്നു.

**ആരാണു പരിശുദ്ധൻ:-**

ദൈവം എങ്ങനെയോ അങ്ങനെ പരിശുദ്ധനും, ദൈവം ഒരുവനല്ലാതെ പൂർണ്ണ അർത്ഥത്തിൽ പരിശുദ്ധൻ ഇല്ല. എന്നാൽ ദൈവീക സംസർഗ്ഗത്തിലും മനുഷ്യ സ്നേഹത്തിലും ഉത്തമ മാതൃക നൽകി-സൂര്യന്റെ പ്രകാശം ആഗിരണം ചെയ്ത് പ്രകാശിക്കുന്ന ചന്ദ്രനെപ്പോലെ നീതിസൂര്യനായ ദൈവത്തിന്റെ പ്രകാശം പ്രതിബിംബിക്കുന്നവരെ പരിശുദ്ധന്മാർ, ശുദ്ധിമതികൾ എന്ന് സഭ സംബോധന ചെയ്യുന്നു. വേദപുസ്തകം പരിശോധിച്ചാൽ നീതിമാന്മാർ, ഭക്തർ, വിശുദ്ധർ, എന്നൊക്കെ നാമകരണം ചെയ്ത് അവരുടെ പ്രാർത്ഥനയ്ക്ക് പ്രത്യേക പ്രാധാന്യം കല്പിച്ചിരിക്കുന്നു. "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു." (യാക്കോബ് 5:16). "നിങ്ങൾ എന്നെ തെരഞ്ഞെടുത്തുവെന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു., നിങ്ങൾ പോയി ഫലം കായിക്കേണ്ടതിന് നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിത്തന്നെ". (യോഹ: 15:16). മോശയും ഏലിയാവും പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും പിതാക്കൻമാരും മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിച്ച് കാര്യങ്ങൾ പ്രാപിക്കുന്നതായും അവരുടെ മരണ ശേഷവും അവരുടെ മദ്ധ്യസ്ഥതയിൽ ഉള്ള പ്രാർത്ഥനയിലൂടി ദൈവകൃപ ലഭിക്കുന്നതായും വേദപുസ്തകത്തിൽ കാണുവാൻ കഴിയും. ലോകത്തിനു ദൃഷ്ടാന്തമായി അബ്രഹാമി

(പ്രഭാഷണ........)

10. സ്വഭാവശുദ്ധിയില്ലാത്ത പ്രഭാഷകനെ സദസ്യർ വെറുക്കുകയും പുച്ഛിക്കുകയും പുറംതള്ളുകയും ചെയ്യുമെന്നു പ്രഭാഷകാചാര്യനായ അരിസ്റ്റോട്ടിൽ 'റെട്ടറിക്കി' ൽ നൂറ്റാണ്ടുകൾക്കു മുൻപ് രേഖപ്പെടുത്തിയിട്ടുണ്ട്. 'ഒരു മനുഷ്യന്റെ മനസ്സിന്റെയും ശരീരത്തിന്റെയും ഹൃദയത്തിന്റെയും ആത്മാവിന്റെയും സിദ്ധികളുടെ സാകല്യമാണ് സ്വഭാവം. അന്യർ കാണുകയും അറിയുകയും ചെയ്യുന്ന പ്രസ്തുത സിദ്ധികളുടെ ആകെത്തുകയാണ് ബാഹ്യമായി പ്രക്ഷേപിക്കപ്പെടുന്ന തനതു വ്യക്തിത്വം'.

ന്റേയും യിസ്ഹാക്കിന്റേയും യാക്കോബിന്റേയും ദൈവമേ എന്നു പ്രാർത്ഥിച്ചു കൊണ്ട് തന്റെ വീര്യ പ്രവർത്തികൾ ചെയ്യുന്നതായി നാം കാണുന്നു. ഈയ്യോബിന്റെ "സുഹൃത്തുക്കൾക്ക് പാപക്ഷമ ലഭിക്കുവാൻ ഈയ്യോബ് പ്രാർത്ഥിക്കട്ടെ"യെന്ന് ദൈവം കല്പിക്കുന്നു. (ഇയ്യോ: 42:8)

പരിശുദ്ധൻമാരുടെ മദ്ധ്യസ്ഥതാ ദൗത്യം ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ (1 തീമോ: 2:5) സ്ഥാനത്തേ നിഷേധിക്കുകയല്ല. ഈ ചെറിയവരിൽ ഒരുവനെ മാനിക്കുന്നത് എന്നേയാകുന്നു എന്നരുൾ ചെയ്ത കർത്താവിലൂടെ പിതാവാം ദൈവത്തിന്റെ നാമം മഹത്വപ്പെടുകയാണ് പരിശുദ്ധൻമാരെ മാനിക്കുന്നതിലൂടെ സംജാതമാകുന്നത്. യേശുക്രിസ്തു പിതാവാം ദൈവവും ലോകവും തമ്മിലുള്ള ബന്ധത്തിലെ ഏക മദ്ധ്യസ്ഥൻ.

**എന്താണ് തിരുശേഷിപ്പ്:-**

ഒരു പരിശുദ്ധന്റെ അല്ലെങ്കിൽ ശുദ്ധിമതിയുടെ കാലശേഷം അദ്ദേഹവുമായി ബന്ധപ്പെട്ട് ഈ ലോകത്തിൽ അവശേഷിക്കുന്ന അവരുടെ അസ്ഥികളോ ഉപയോഗിച്ച വസ്തുക്കളോ ആണ് തിരുശേഷിപ്പ് എന്നുപറയപ്പെടുന്നത്. പഴയനിയമകാലം മുതൽ തിരുശേഷിപ്പുകൾക്ക് ദിവ്യത്വം കല്പിച്ചിരുന്നു. പ്രവാചകന്മാരുടെ അസ്ഥികൾക്കും അവർ ഉപയോഗിച്ചിരുന്ന ശേഷിപ്പുകൾക്കും ദിവ്യത്വം ഉണ്ട് എന്നു കാണിക്കുന്ന അനേക സംഭവങ്ങൾ വി. വേദപുസ്തകത്തിൽ കാണാം. ആദിമസഭയിൽ രക്തസാക്ഷി മരണം പ്രാപിച്ചിരുന്നവരുടെ തിരുശേഷിപ്പുകൾക്ക് വിശ്വാസികൾ വലിയ പ്രാധാന്യം കല്പിച്ചിരുന്നു. രണ്ടാം നൂറ്റാണ്ടു മുതൽ തിരുശേഷിപ്പുകൾ വന്ദിക്കുകയും ധൂപാർപ്പണം ചെയ്യുകയും ചെയ്തിരുന്നതായി ആദിമ സന്യാസ സമൂഹങ്ങളേക്കുറിച്ചുള്ള പഠനത്തിൽ വ്യക്തമാകുന്നു.

കർത്താവിന്റെ സ്പർശനത്തിലും ദർശനത്തിലും നിഴൽ വീണുപോലും കൃപാപ്രാപിച്ച അനേകരെ ദൈവവചനത്തിൽ കാണുവാൻ കഴിയും. തന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട രക്തസ്രാവക്കാരി സ്ത്രീക്ക് ലഭിച്ച സൗഖ്യത്തേക്കുറിച്ച് (മത്തായി: 9:20,21) വിവരിച്ചിരിക്കുന്നു. ഈ ദൈവശക്തി തന്റെ പരിശുദ്ധന്മാരിലൂടെയും ത്രസിക്കുന്നതായി കാണാം.

**അസ്ഥികളിൽ ദൈവശക്തി:-**

2 രാജാക്കൻമാർ 13:21ൽ അടക്കം ചെയ്യുവാൻ കൊണ്ടുപോകപ്പെട്ട ഒരു മൃതശരീരം ഏലിശായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജീവിച്ച് കാലൂന്നി എഴുന്നേറ്റുവെന്ന് വായിക്കുന്നു. 'പാർത്താൽ നിന്നസ്ഥിതികളത്രെ......' എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ പരിശുദ്ധന്മാരിലൂടെ ലഭിക്കുന്ന ദൈവശക്തിയേ പ്രകടമാക്കുന്നു.

**വസ്ത്രങ്ങളിൽ ദൈവശക്തി:-**

ഏലിശായ്ക്കു ലഭിച്ച ഏലിയാവിന്റെ പുതപ്പ് യോർദ്ദാനിലെ വെള്ളത്തേ വിഭജിക്കുവാൻ പ്രാപ്തമായി, എന്ന് (2 രാജ. 2:14) കാണുന്നു. പുതിയ നിയമത്തിൽ "പ. പൗലോസിന്റെ സ്പർശനമേറ്റ റൂമാലും വസ്ത്രങ്ങളും രോഗികളുടെമേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെട്ടു പോകുകയും ചെയ്തു", എന്ന് (അപ്പോ: 19:12) കാണുന്നു.

**നിഴലിൽ ദൈവശക്തി:-**

പത്രോസ് കടന്നു പോകുമ്പോൾ അവന്റെ നിഴലെങ്കിലും വീണ് സൗഖ്യം കിട്ടേണ്ടതിന് വീഥികളിൽ വിരിപ്പിൻമേലും കിടക്കകളിലും രോഗികളേയും അശുദ്ധാത്മാക്കൾ ബാധിച്ചവരേയും കിടത്തി, അവരെല്ലാവരും സൗഖ്യം പ്രാപിച്ചതായി" (അപ്പോ. പ്ര: 5:15) വായിക്കുവാൻ കഴിയും.

ദിവ്യനായ ഏലിയാവിനുണ്ടായിരുന്ന ദൈവശക്തി ഇരട്ടിയായി തന്റെ ശിഷ്യനായ ഏലിശായിൽ വാഗ്ദത്തത്തിനനുസരണമായി വന്നു ചേർന്നുവെന്ന് 2 രാജ: 2:9 മുതൽ ഉള്ള വാക്യങ്ങളിൽക്കൂടി വ്യക്തമാക്കുന്നു.

കർത്താവിന്റെ മുന്നോടിയായ യോഹന്നാനെക്കുറിച്ച് ദേവാലയമന്ദിരത്തിൽ ധൂപം കാട്ടുന്ന സഖറിയാവിന് കർത്താവിന്റെ ദൂതൻ നല്കുന്ന അരുളപ്പാടിൽ 'ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ അവൻ നടക്കും' - ലൂക്കോ:1:17 ൽ കേൾക്കുന്നു.

ദൈവമാതാവിന്റെ ദിവ്യസാന്നിദ്ധ്യവും മദ്ധ്യസ്ഥതയും സഭ ഇന്നും മഹത്വത്തോടെ ഉൾക്കൊള്ളുന്നു. മാതാവിന്റെ സ്വർഗ്ഗാരോഹണത്തിൽ തന്റെ ഏറ്റവും



ഫാ. സി.സി. ചെറിയാൻ കോട്ടയം

# സഭയിൽ എട്ടുനോമ്പോ......?

'സഭയിൽ എട്ടുനോമ്പോ' എന്ന എന്റെ ലേഖനത്തിന് പ്രതികരണം പ്രസിദ്ധീകരിച്ച് സഭാംഗങ്ങളെ സത്യവിശ്വാസത്തിൽ നിലനിർത്തുവാൻ തക്കവിധം "തെറ്റിദ്ധാരണകൾ" തിരുത്തുവാൻ ബ. സി.ജെ. ജോർജ്ജ് അച്ചൻ നൽകിയ പരിശ്രമത്തെ അഭിനന്ദിക്കുന്നു ഈ ലേഖനത്തിന്റെ കോപ്പി എടുത്ത് നമ്മുടെ സഭയിലെ എല്ലാ തിരുമേനിമാർക്കും അയച്ചു കൊടുത്തു. പ്രതികരണശേഷിയുള്ള നാല് തിരുമേനിമാർ അഭിനന്ദിച്ചു കൊണ്ട് കത്തെഴുതി. ഒരു തിരുമേനിപോലും എന്റെ ലേഖനത്തെ വിമർശിച്ചു കൊണ്ടോ എതിർത്തുകൊണ്ടോ എഴുതുകയോ എന്നോട് പറയുകയോ ചെയ്തിട്ടില്ല. ബ. അച്ചനെങ്കിലും ഇതിനോട് പ്രതികരിച്ചതിൽ സന്തോഷം.

## മദ്ധ്യസ്ഥത

ഒരു തർക്കത്തിലേക്ക് ഞാൻ ഇല്ല. വിവാദമാക്കാനായി ആഗ്രഹിച്ച് എഴുതിയതുമല്ല. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥത വളരെ ആവശ്യമാണെന്നും, അതിനാൽ മറ്റെല്ലാ പരിശുദ്ധന്മാരേക്കാളുപരി സ്ഥാനം വി. കന്യകമറിയാമ്മിന് നൽകി മാതാവിന്റെ ഓർമ്മ നടത്തുന്നുണ്ട്. മാതാവിന്റെ മദ്ധ്യസ്ഥതയ്ക്കായി 15 ദിവസം ശരിയായി ഉപവസിച്ച് പ്രാർത്ഥിച്ച് കിട്ടാത്ത് അനുഗ്രഹം വെറും 8 ദിവസം കൊണ്ട് കിട്ടുന്നു എന്ന് പറയുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലായില്ല. 15 നോമ്പിൽകൂടി ലഭിക്കാത്ത അനുഗ്രഹത്തിനല്ലേ 8 നോമ്പിൽ കൂടി ശ്രമിക്കുന്നത്? 15 നോമ്പിൽ കിട്ടുകയില്ല എന്ന് ഉറച്ചതിനാലല്ലേ 8 നോമ്പിന്നായി ആളുകൾ പോകുന്നത്? 15 നോമ്പിലും ദൈവമാതാവായ കന്യകമറിയാമാണ്. മദ്ധ്യസ്ഥത അർഹിക്കുന്നതെന്നും ആ മദ്ധ്യസ്ഥതയ്ക്ക് ഫലമില്ലെന്നും വരുത്തിവയ്ക്കുന്നത് ദൈവമാതാവിനെ അവഹേളിക്കുന്നതിന് തുല്യമല്ലേ? "എന്നെ ഒന്നു വണങ്ങിയാൽ ഈ കാണുന്നതെല്ലാം തരാം എന്ന് പറഞ്ഞത് സാത്താൻ ആണ്". "മാതാവിനെ" (ഏതു മാതാവായാലും മതി) ഒന്നു വണങ്ങിയാൽ എല്ലാം കിട്ടുന്നു എന്ന പ്രചരണതന്ത്രങ്ങളും കുറുക്കുവഴി പ്രവണതയുള്ളതുകൊണ്ടല്ലേ 8 നോമ്പിന് ആളുകൾ പ്രത്യേകിച്ചും അക്രൈസ്തവർ പോകുന്നത്? 8 നോമ്പ് നോക്കുന്ന ഭക്തിയോടെ മറ്റ് എല്ലാ നോമ്പുകളും പള്ളിയിൽ ആചരിച്ചാൽ 8 നോമ്പ് നോക്കുന്നവരും അക്രൈസ്തവരും അതിൽ സംബന്ധിക്കുമോ? 8 നോമ്പ് നോക്കി ഏതെങ്കിലും ഒരു അക്രൈസ്തവൻ ക്രിസ്ത്യാനിയായി മാമ്മോദീസ ഏറ്റിട്ടുണ്ടോ? മാതാവാണ് രക്ഷിക്കുന്നത്, അനുഗ്രഹിക്കുന്നത് എന്ന ആശയമല്ല അക്രൈസ്തവർക്ക് 8 നോമ്പു മൂലം ലഭിക്കുന്നത്? അങ്ങനെ കിട്ടിയ അനുഗ്രഹത്തെ പ്രചരിപ്പിക്കുന്ന 'കത്തുകൾ' കോപ്പികൾ കൂടുതലെടുത്ത് അയപ്പിച്ച് കൂടുതൽ അനുഗ്രഹം വാഗ്ദാനം ചെയ്തും, സഹകരിച്ചില്ലെങ്കിൽ 'അപകടം' മുന്നറിയിപ്പു നൽകിയും ചെയ്യുന്ന 'വേളാങ്കണ്ണി' വേലകൾ മാതാവിന്റെ പേരിൽ തന്നെ തകൃതിയായി നടക്കുന്നു. 'ദീപ സ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം' ഇവയെല്ലാം ക്രിസ്തീയ സാക്ഷ്യത്തിന് ചേർന്നതാണോ? സുവിശേഷീകരണവും മദ്ധ്യസ്ഥ പ്രാർത്ഥനയും രണ്ടാണെന്ന കാര്യം മനസ്സിലാക്കാൻ എനിക്ക് കഴിവില്ലാത്ത വിധം എന്നെ മനസ്സിലാക്കിയതിൽ ഖേദിക്കുന്നു. യേശു ക്രിസ്തുവിലൂടെ മാത്രമുള്ള രക്ഷയെ അവതരിപ്പിക്കാത്ത 'മദ്ധ്യസ്ഥത' ക്രിസ്തീയമായ സുവിശേഷീകരണ പ്രവർത്തനത്തെ ക്ഷയിപ്പിക്കുമെന്നാണ് എന്റെ ധാരണ.

## വിശ്വാസ ജീവിതം

എട്ടുനോമ്പ് നടത്തുന്നവർ മറ്റ് നോമ്പുകളെപ്പോലെ വീട്ടിലിരുന്ന് ആചരിച്ചാൽ പോരേ? മറ്റ് നോമ്പിലൊന്നും കാണാത്ത പ്രാധാന്യം അതിന് കൊടുക്കുന്നത് എന്തിനാണ്? കാര്യസാദ്ധ്യത്തിനുവേണ്ടി ഏതു

തരം ഭക്തിയും പ്രകടിപ്പിക്കുന്നത് ക്രിസ്തുവിലുള്ള ഭക്തിയായി കരുതുന്നത് അപകടമാണ്.

"ഉദ്ദിഷ്ഠ കാര്യസാദ്ധ്യം" എന്നതാണ് ഇതിന്റെ ലക്ഷ്യമെങ്കിൽ അതിനെതിരെ എന്തെല്ലാം പറഞ്ഞിട്ടും കാര്യമില്ലല്ലോ? ദൈവേഷ്ടത്തിന് വിധേയപ്പെട്ട് ജീവിക്കുന്നതാണ് യഥാർത്ഥ വിശ്വാസജീവിതം. "നിന്റെ ഇഷ്ടം പോലെ എനിക്ക് ഭവിക്കട്ടെ" എന്ന് സ്വയം സമർപ്പിച്ച കന്യകമറിയാമിനോട്, "എന്റെ ഇഷ്ടം പോലെ എനിക്ക് ഭവിക്കട്ടെ" എന്നു അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കുന്നത് വിരോധാഭാസമല്ലേ? അങ്ങനെ എന്തെല്ലാം വിരോധാഭാസങ്ങൾ!

എന്റെ ലേഖനം വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലായിപ്പോയി" എന്ന് എഴുതിയപ്പോൾ ബ. അച്ചൻ നൽകിയ വിവരങ്ങളെല്ലാം ശരിയായവയായിരിക്കുമല്ലോ. തർക്കത്തിന് ഞാനില്ല. ഗ്രഹിക്കാൻ കഴിയുന്നവർ ഗ്രഹിക്കട്ടെ.

❑



ഓതറ: കണ്ണംപള്ളിൽ ഡീക്കൻ ടി.കെ. സാമുവേലിനു തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കശ്ശിശ്ശാപട്ടം നൽകി. വാഴക്കുന്നത്ത് ഫാ. പോൾ മാടത്തിന്റെ മകൾ റെനി സൂസൻ പോളാണ് സഹധർമ്മിണി.

അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായും, ആറ്റുവാ, കൂർത്തമല എന്നീ ഇടവകകളിലെ സഹവികാരിയായും പ്രവർത്തിക്കുന്നു.

(തിരുശേഷിപ്പുകൾ.........)

വത്സലനായ തോമ്മാശ്ലീഹായ്ക്ക് തന്റെ ഇടക്കെട്ട് സമ്മാനിക്കുകയും അതിലൂടെ അനേക ദിവ്യാത്ഭുതങ്ങൾ നടക്കുകയും ചെയ്യുന്നതായി പാരമ്പര്യ രേഖകളിൽ കാണാം.

**ആദരിക്കേണ്ടതിന്റെ ആവശ്യകത:-**

ദൈവത്തോടടുത്തും അനുരൂപപ്പെട്ടും കഴിഞ്ഞ പരിശുദ്ധന്മാരെ ജീവിച്ചിരിക്കുമ്പോഴും മരണശേഷവും ആദരിക്കുന്നത് അനുഗ്രഹത്തിന് കാരണമാകും. തിരുശേഷിപ്പിന് ആദരിക്കുകയും ധൂപം വയ്ക്കുകയും ചെയ്യുന്നതു വഴി ആ പരിശുദ്ധനേയും അദ്ദേഹത്തേ ശക്തീകരിച്ച ദൈവത്തേയുമാണ് ആദരിക്കുന്നത്.

2 രാജ: 4:8 മുതൽ ഉള്ള വേദഭാഗത്ത് ഏലിശാ ശൂനേമിലേക്കു പോകുമ്പോൾ ഒരു ധനികയായ സ്ത്രീ അദ്ദേഹത്തെ സ്വീകരിക്കുകയും ഭക്ഷണം നല്കുകയും വിശ്രമസങ്കേതം പണിഞ്ഞു നല്കുകയും ചെയ്ത് ആദരിച്ചതായി കാണുന്നു. അതിന്റെ ഫലമായി വൃദ്ധദമ്പതികൾക്ക് 'വരുന്ന ആണ്ടിൽ ഈ സമയം ആകുമ്പോൾ നീ ഒരു മകനെ അണച്ചുകൊള്ളും' എന്ന വാഗ്ദത്തം പ്രാപിക്കുന്നു. ഇന്നും പരിശുദ്ധന്മാരേയും അവരുടെ തിരുശേഷിപ്പിനെയും ആദരിക്കുക വഴി ലഭ്യമാകുന്ന ദൈവകൃപയത്രേ ഇത്.

പരിശുദ്ധ ദൈവമാതാവിന്റേയും പിതാക്കന്മാരുടേയും പ്രാർത്ഥനയാൽ അത്യധികം ദൈവകൃപ പ്രാപിക്കുവാനും, മനോവ്യഥയിലിരിക്കുന്നവർക്ക് വിടുതൽ ലഭിക്കുവാനും, മക്കളില്ലാത്തവർക്ക് സന്തതിയെ ലഭിക്കുന്നതിനും, രോഗവും വ്യാധിയും നീങ്ങിപ്പോകുന്നതിനും ദൈവികമായ നിത്യസന്തോഷവും സമാധാനവും ലഭ്യമാകുന്നതിനും ഇത് പര്യാപ്തമാണെന്ന് വി. വേദപുസ്തക അടിസ്ഥാനത്തിൽ നമുക്ക് കണ്ടെത്തുവാൻ കഴിയും.

❑



ബിനുഡാനിയേൽ, നല്ലില

# വിദ്യാലയ രാഷ്ട്രീയം അനുവദനീയമോ?

രാഷ്ട്രീയം വിദ്യാലയങ്ങളിലേക്ക് വ്യാപിക്കുന്നത് തടയാൻ സാദ്ധ്യമല്ലെന്നും ആര് ശ്രമിച്ചാലും ഇത് നടപ്പിലാക്കാൻ പോകുന്നില്ലെന്നും രാഷ്ട്രീയത്തിലെ പല നേതാക്കളും അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ഇങ്ങനെയുള്ള അഭിപ്രായം, വിദ്യാലയങ്ങളിൽ രാഷ്ട്രീയ അന്തരീക്ഷം നിലനിൽക്കണം എന്ന് വാദിക്കുന്നവർ വെറും രാഷ്ട്രീയ നേതാക്കൾ മാത്രമാകുന്നു. രാഷ്ട്രീയത്തിലെ ആദ്യത്തെ കെണി വിദ്യാർത്ഥികൾ ആണ്. വിദ്യാർത്ഥികളെ രാഷ്ട്രീയക്കാരുടെ ചട്ടുകങ്ങൾ ആക്കി മാറ്റുക എന്നുള്ളത് മാത്രമാണ് നേതാക്കളുടെ ശ്രമം. തന്മൂലം അവരുടെ ഭാവിജീവിതം നേതാക്കളുടെ താളത്തിനൊത്ത് തുള്ളേണ്ടതായിവരുന്നു. ഇതിൽ നിന്നുള്ള മോചനം നമ്മുടെ വിദ്യാലയങ്ങൾക്ക് ആവശ്യമാണ്.

## പരസ്പര വിരുദ്ധം

ഇന്നത്തെ രാഷ്ട്രീയ നേതാക്കൾ അവരുടെ കുട്ടിക്കാലത്ത് നടത്തിയതായി പറയപ്പെടുന്ന രാഷ്ട്രീയ പ്രവർത്തനങ്ങളോ, സാമൂഹിക പ്രതിബദ്ധതകളോ ഇന്നത്തെ വിദ്യാർത്ഥികൾ പ്രവർത്തിക്കുന്നതുപൊലെയല്ല. ഇന്നത്തെ മുതിർന്ന രാഷ്ട്രീയ നേതാക്കൾ കണ്ടതും കേട്ടതും പഠിച്ചതും ഒക്കെ മഹാത്മാഗാന്ധിജിയെ പോലെയുള്ള സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സമുന്നത നേതാക്കളിൽ നിന്നുമായിരുന്നു. പക്ഷേ കണ്ടതും കേട്ടതും പഠിച്ചതും ഒക്കെയല്ല അവർ പ്രവർത്തിക്കുന്നത്. ഇന്നത്തെ വിദ്യാർത്ഥികൾ, 'പറയുന്നത് ഒന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമായ' ഇന്നത്തെ രാഷ്ട്രീയ നേതാക്കളെ നോക്കിയാണ്. വാക്കും പ്രവൃത്തിയും പരസ്പര വിരുദ്ധമായി തലമുറകൾ കൈമാറിയാൽ നമ്മുടെ ഭാവി തലമുറ ചെന്നെത്തുന്നത് കരകേറാൻ പറ്റാത്ത ഗർത്തങ്ങളിലായിരിക്കും.

പഴയ രാഷ്ട്രീയമല്ല ഇന്നത്തെ രാഷ്ട്രീയമെന്ന് പലരും മറന്നപോലെ തോന്നുന്നു. അന്ന് സാമ്രാജ്യ ശക്തിയോടായിരുന്നു ജനങ്ങൾ പൊരുതിയത്, ഒറ്റകെട്ടായി പൊരുതിയത്. ഇന്ന് സമരം തമ്മിൽ തമ്മിലാണ്. വിദ്യാർത്ഥി ഐക്യം സിന്ദാബാദ് എന്ന് ഉറക്കെ വിളിക്കുകയും വിളിക്കുന്നവർ തമ്മിൽ അടിക്കുകയും ചെയ്യുന്നു. ഇത് എന്തുകൊണ്ട്? സമരത്തിന് വേണ്ടി സമരം എന്നതാണ് ഇന്നത്തെ അവസ്ഥ. നേതാക്കളുടെ രാഷ്ട്രീയ മുതലെടുപ്പിനെതിര് നിന്നേ പറ്റൂ എന്ന് നാം പലപ്പോഴും ചിന്തിക്കുന്നു. രാഷ്ട്രിയത്തിനല്ല നാം എതിര് നിൽക്കേണ്ടത്. വിദ്യാർത്ഥികളുടെ കക്ഷിരാഷ്ട്രീയത്തിനാണ്. നാളത്തെ പാർട്ടി പ്രവർത്തകരെ ഇന്നേ വാർത്തെടുക്കുക എന്ന ഒറ്റ വിചാരമേ ഇന്നത്തെ രാഷ്ട്രീയ നേതാക്കൾക്ക് ഉള്ളൂ. കുട്ടികൾ തോറ്റാലും തുലഞ്ഞാലും തല്ലു കൊണ്ട് ചത്താലും ഇന്നത്തെ രാഷ്ട്രീയ നേതാക്കൾക്ക് അണികളെ വീര്യമുള്ളവരാക്കി നിലനിർത്തുക എന്ന വിചാരമേ ഉള്ളൂ.

കുട്ടികളെ വഴിതെറ്റിക്കുന്നതിൽ നിന്നും ഇന്നത്തെ നേതാക്കൾ പിന്മാറണം. രാജ്യത്തിന്റെ ഭാവിയോർത്ത്, സമൂഹത്തിന്റെ ഭാവിയോർത്ത്, കുട്ടികളുടെ ഭാവിയോർത്ത്, വിദ്യാർത്ഥികളെ സ്വൈര്യമായി പഠിക്കുവാൻ അനുവദിക്കണം.

'വിദ്യാർത്ഥി' എന്ന നിലയിൽ അവിടെ നടക്കുന്ന പഠിപ്പിന് യാതൊരു കോട്ടവും തട്ടാത്ത നിലയ്ക്ക് പൊതു പ്രവർത്തനങ്ങളിൽ ഏർപ്പെടാം.

## ജനസേവനം

ക്ലാസ്സിൽ മുടങ്ങാതെ ഹാജരാവുക, ഒരിക്കലും വൈകാതിരിക്കുക, പാഠങ്ങൾ ശ്രദ്ധിച്ച് പഠിക്കുക, ഗൃഹപാഠങ്ങൾ കൃത്യമായി ചെയ്യുക എന്നിവയിലെല്ലാം ശ്രദ്ധവയ്ക്കണം. ഇതിനെല്ലാം വേണ്ട സമയം ഉപയോഗിച്ച ശേഷമേ മറ്റ് കാര്യങ്ങളിൽ സമയം വിനിയോഗിക്കാവൂ. ഇത്തരത്തിലുള്ള ജീവിതമാണ് വിദ്യാർത്ഥികൾക്കെങ്കിൽ തീർച്ചയായും വിദ്യാലയങ്ങളിൽ രാഷ്ട്രീയമാവാം.

രാഷ്ട്രീയത്തിന്റെ പേരിൽ നടക്കുന്ന അനാശാസ്യനടപടികൾ ഇല്ലാതാക്കുവാനാണ് രാജ്യസ്നേഹികൾ ശ്രദ്ധിക്കേണ്ടത്. ലാഭേച്ഛയുള്ള തൊഴിലായിട്ടല്ലാതെ ജനസേവനത്തിന് വേണ്ടിയുള്ള തൊഴിലായി രാഷ്ട്രീയക്കാർ ഈ പദവി ഉപയോഗിച്ചാൽ രാഷ്ട്രീയമെന്ന വാക്കിന് മാന്യമായ സ്ഥാനം ലഭിക്കും.

. ഇന്നത്തെ വിദ്യാർത്ഥികൾ പല രാഷ്ട്രീയ പാർട്ടികളുടെയും കുച്ചുവിലങ്ങിൽപ്പെട്ടിരിക്കുകയാണ്. അവർക്ക് സ്വന്തമായി ചിന്തിക്കുവാനും പ്രവൃത്തിക്കുവാനും കഴിയുന്നില്ല. എങ്കിലും അവരുടെ പാർട്ടി നേതാക്കൾ പറയുന്നത് അനുസരിക്കാൻ അവർ വിധേയരായിത്തീരുന്നു. എല്ലാ രാഷ്ട്രിയ പാർട്ടികളുടെയും പോഷക സംഘടനകൾ ഇന്ന് വിദ്യാലയങ്ങളിലുണ്ട്. സ്കൂൾ അധികൃതരുമായുള്ള ബന്ധത്തിനേക്കാൾ ഉറച്ച ബന്ധമാണ് ഈ നേതാക്കളും കുട്ടികളുമായുള്ളത്. അദ്ധ്യാപകനും വിദ്യാർത്ഥിക്കുമിടയിൽ ഇന്ന് മാനുഷികമായ വേഴ്ചയില്ല. ആ സ്ഥാനത്തുള്ളത് യാന്ത്രികമായ അധികാരബോധമാണ്. ഇത് മൂലം ഒരു പരിധിവരെ അധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തകരാറിലാവുന്നു.

രാഷ്ട്രീയത്തിൽ നിന്നും ഒഴിഞ്ഞ് മാറി നിൽക്കുന്നത് സാമൂഹികമായി നിരുത്തരവാദിത്വമാണ് തന്നോടൊപ്പം ജീവിക്കുന്നവനെപ്പറ്റി, അവന്റെ ആവശ്യങ്ങളെപറ്റി ബോധവാനല്ലാതായിരിക്കുന്നത് സാമൂഹികമായ അന്ത്യമാണ്. "സ്കൂൾ വിദ്യാർത്ഥികൾ ഇന്ന് വിദ്യാർത്ഥിയും നാളെ പൗരനുമാണ്", എന്ന് പറയുന്ന സിദ്ധാന്തം തിരുത്തിയെഴുതണം. അവർ ഇന്ന് തന്നെ വിദ്യാർത്ഥികൾ ആയിരിക്കും പൗരന്മാരുമായിരിക്കും.

വിദ്യാർത്ഥികളിൽ നേരായ അർത്ഥത്തിലുള്ള രാഷ്ട്രീയബോധമുണ്ടാക്കാൻ ഓരോ അദ്ധ്യാപകനും ധാർമ്മികമായ ഉത്തര വാദിത്വമുണ്ട്. ഇന്നത്തെ അദ്ധ്യാപകർ പരീക്ഷ കടലാസിനെപ്പറ്റിയും വിജയശതമാനത്തെപ്പറ്റിയും മാത്രമേ ചിന്തിക്കുന്നുള്ളു. ഇന്നത്തെ വിദ്യാർത്ഥികൾ മാർക്കിനും ഡിഗ്രിക്കും വേണ്ടി മാത്രം പഠിക്കുന്നു. ഈയൊരവസ്ഥ മാറ്റണം! അദ്ധ്യാപകന്റെ ഈയൊരു ശൈലിമാറണം. കുട്ടിയുടെ മുഴുവൻ ജീവിതത്തെപ്പറ്റി ചിന്തിച്ചിട്ടില്ല. വീട്ടിലായിരുന്ന കുട്ടി, സ്കൂളിലായിരിക്കുന്ന കുട്ടി, രണ്ടിടത്തും അല്ലാതിരിക്കുന്ന കുട്ടി, വൈകാരികവും വൈചാരികവുമയി കുട്ടിയുടെ ജീവിതം ഇന്ന് നാളെയിലേക്ക് ഒഴുകുന്നതിന്റെ ഒഴുക്ക്, താളം, കല്ലോലം ഇതൊന്നും അടുത്ത്ചെന്ന് നോക്കിയിട്ടില്ല. ഈ നിരുത്തരവാദിത്വമാണ് അദ്ധ്യാപകരേയും രക്ഷകർത്താക്കളേയും ഒരുപോലെ വിദ്യാർത്ഥികളിൽ നിന്നും അകറ്റി നിർത്തുന്നത്. ഇവിടെ നാം വളരെ പുരാതനമായ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മേന്മകൾ സ്മരിക്കുന്നത് നന്നായിരിക്കും.

സ്കൂൾ വിട്ടുപോയാൽ കുട്ടി എന്ത് ചെയ്യുന്നു എന്നറിയുവാനുള്ള ഉത്തരവാദിത്വം ഇന്നത്തെ അദ്ധ്യാപകനില്ല. സ്കൂളിലേക്ക് പോകുന്ന കുട്ടി എന്ത് ചെയ്യുന്ന എന്നറിയുവാനുള്ള ഉത്തരവാദിത്വം രക്ഷകർത്താക്കൾക്കുമില്ല. ഇതിനിടെയിലാണ് കുട്ടികളുടെ മനസ്സ് ആരുടേയുമല്ലാത്ത ഒരു ലോകത്ത് ചേർന്ന് പോകുന്നത്, ഈ അലിഞ്ഞ് ചേരലൊഴിവാക്കുവാൻ നമ്മുടെ കുട്ടികളുടെ ഭാവി തീരുമാനിക്കുവാൻ നാം എന്ത് ചെയ്യണം? കൂട്ടായി ആലോചിക്കാം......



ദിവ്യബോധനം സർട്ടിഫിക്കേറ്റ് കോഴ്സിൽ എട്ടാമത്തെ പുസ്തകത്തിന് ഒന്നാംറാങ്ക് നേടിയ മോളികുര്യൻ (Reg. No. 5360) ഇടവങ്കാട് ഇടവകയിൽ ഇഞ്ചത്തോട്ടത്തിൽ ഇ.കെ. കുര്യന്റെയും അമ്മിണി കുര്യന്റെയും മകൾ.





# അഴിമതി വിരുദ്ധ മദ്യവർജ്ജന വാഹന പ്രചരണ ജാഥ

മദ്യവർജ്ജന സന്ദേശവുമായി യുവജനപ്രസ്ഥാനം 1995 സെപ്തംബറിൽ നടത്തിയ റാലിയുടെ രണ്ടാംഘട്ടമായി 1996 ഒക്ടോബർ രണ്ടിനു ഭദ്രാസന യുവജനപ്രസ്ഥാനം നടത്തിയ വാഹനപ്രചരണ ജാഥ ആനുകാലിക പ്രാധാന്യമുള്ള 'അഴിമതി വിരുദ്ധ സന്ദേശം' കൂടി ഉൾക്കൊള്ളിച്ചത് ജാതിമതഭേദമന്യേ, ഏവരുടെയും ശ്രദ്ധയും പ്രശംസയും നേടി.



അഴിമതി വിരുദ്ധ മദ്യവർജ്ജന വാഹനപ്രചരണജാഥ പുത്തൻകാവ് കത്തീഡ്രലിൽ ന്മത്താനാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.

അതിരാവിലെ ജാഥയ്ക്കുള്ള വാഹനങ്ങളും പങ്കെടുക്കുന്നവരും പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിലെത്തി. അഭിവന്ദ്യ തോമസ് മാർ അത്താനാത്യോസ് തിരുമനസ്സു കൊണ്ട് പ്രാരംഭ പ്രാർത്ഥന നടത്തി. തുടർന്ന് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പാവന കബറിടത്തിൽ പ്രാർത്ഥിച്ച് അണിനിരന്ന യുവജനങ്ങളെയും വൈദികരെയും അതിഥികളെയും ഫാ. ഗീവറുഗീസ് ജോൺ സ്വാഗതം ചെയ്തു.

**അഴിമതിരഹിത സംസ്കാരം വളരണം.**

അഴിമതിരഹിതസംസ്കാരം നാട്ടിൽ വളർന്നു വരണമെന്ന് തോമസ് മാർ അത്താനിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. അഴിമതി വിരുദ്ധ മദ്യവർജ്ജന വാഹനപ്രചരണ ജാഥ പുത്തൻകാവ് കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിലെ തിന്മക്കെതിരെ പോരാടുന്ന ഒരു വലിയ ശക്തിയായി നമ്മുടെ യുവജനങ്ങൾ വളർന്നു വരുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. മദ്യമെന്ന

പിശാചിനെ സമൂഹത്തിൽ നിന്നും അകറ്റി നിർത്തുവാൻ യുവജനങ്ങൾ കർമ്മോന്മുഖരായി രംഗത്ത് പ്രവർത്തിച്ചേ തീരൂ! അതുപോലെ തന്നെ അഴിമതിയും ഒരു വലിയ ശാപമായി സമൂഹത്തെ ഗ്രസിച്ചു കൊണ്ടിരിക്കുന്നു. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് നേതാക്കൾ ജയിലിൽ നിന്നും ഭരണനേതൃത്വത്തിലേക്ക് എത്തിയിരുന്നുവെങ്കിൽ ഇന്ന് നേതാക്കന്മാർ ഭരണത്തിൽ നിന്നും ജയിലിലേക്ക് പോകുന്ന സ്ഥിതിവിശേഷമാണ് ഭാരതത്തിലുണ്ടായിരിക്കുന്നതെന്ന് മെത്രാപ്പോലീത്ത പറഞ്ഞു.

വാഹനജാഥയ്ക്ക് എല്ലാ വിധ അനുഗ്രഹങ്ങളും നേർന്നു യുവജനപ്രസ്ഥാനത്തിന്റെ പീതപതാകയെ മെത്രാപ്പോലീത്ത ഹാരമണിയിച്ചു.

**ഫാ. ജോൺ ദാനിയേൽ:**

'സ്വാതന്ത്രഭാരതത്തെ നേരായി വളർത്തുവാൻ അഴിമതിയും ലഹരി സംസ്ക്കാരവും ഇവിടെ നിന്നും ഉന്മൂലനം ചെയ്യപ്പെടണം. ഇതിനായി യുവാക്കൾ ചുമതലകൾ മറക്കാതെ പ്രവർത്തിക്കണം. സഭയുടെയും ഭദ്രാസനത്തിന്റെയും അന്തസ്സ് ഉയർത്തിപ്പിടിച്ച് ഈ ജാഥ അനുഗ്രഹകരമായി പര്യവസാനിക്കുവാൻ കഴിയട്ടെ!

യുവജനപ്രസ്ഥാനം കേന്ദ്രവൈസ് പ്രസിഡന്റ് ഫാ. കെ.വി. പോൾ, ഫാ. ജോൺതോമസ് കരിങ്ങാട്ടിൽ, വൈസ്പ്രസിഡന്റ് ഫാ. ഗീവറുഗീസ് ജോൺ, ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ, ജോ. സെക്രട്ടറി മാത്യു. ജി. മനോജ്, കേന്ദ്രകമ്മിറ്റിയംഗം രാജീവ് വേണാട്, വി. ഓർഗനൈസറന്മാരായ റോയി ശമുവേൽ, മനോജ് ജോർജ്ജ്, റോജി. കെ. ഏബ്രഹാം, എം. ജോൺസൺ, എം.പി. ഉമ്മൻ എന്നിവരും ഭദ്രാസനകമ്മിറ്റിയംഗങ്ങളും നേതൃത്വം നൽകിയ ജാഥയിൽ വിവിധ യൂണിറ്റുകളെ പ്രതിനിധീകരിച്ച് വാഹനങ്ങളും അംഗങ്ങളും സംബന്ധിച്ചിരുന്നു.

നേതൃത്വം നൽകിയവരുടെ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ:-

**ഫാ. കെ.വി. പോൾ:-**

സമൂഹത്തിന്റെ ദു:സ്ഥിതിയെ ഓർത്ത് പരിതപിക്കുന്നവർ അതിന്റെ കാരണം അന്വേഷിക്കണം. അന്വേഷണത്തിന്റെ അവസാനം ചെന്നെത്തുന്നത് രണ്ട് കാര്യങ്ങളിലാണ്. 1, അഴിമതി, 2. മദ്യപാനം ഇതിനെതിരായി പടപൊരുതി തോല്പിച്ചാൽ മാത്രമേ സമൂഹം നന്നാവുകയുള്ളു. അതിന് ഓരോരുത്തരുടെയും സഹകരണവും പ്രയത്നവും ആവശ്യമാണ്. അതാണ് ഈ ജാഥയുടെ ഉദ്ദേശ്യം...

**ഫാ. ഗീവറുഗീസ് ജോൺ:-**

വ്യക്തികൾ നന്നായാൽ മാത്രമേ സമൂഹം നന്നാവുകയുള്ളു. ഇന്ന് വ്യക്തികളുടെ വളർച്ചക്ക് വിലങ്ങുതടിയായി നിൽക്കുന്ന ഒരു കാരണം മദ്യവും രണ്ടാമത്തേത് അഴിമതിയുമാണ്. എത്രയോ കുടുംബങ്ങൾ മദ്യത്തിന്റെ അടിയൊഴുക്കിൽപ്പെട്ട് നശിച്ചു പോകുന്നു. ഈ സ്ഥിതി മാറേണ്ടേ........?

**ഫാ. ജോൺ വർഗീസ്:-**

മദ്യത്തിന്റെ വില്പനയിലൂടെ ഉണ്ടാകുന്ന ആദായം നമുക്കെന്തിന്? കുടുംബത്തിന്റെയും നിരപരാധികളായ കുഞ്ഞുങ്ങളുടെയും കണ്ണീരിൽ നിന്നും ഈ നാടിനു ശാപമോക്ഷം ലഭിക്കണമെങ്കിൽ മദ്യമെന്ന പിശാചിനെ നശിപ്പിച്ചേ തീരൂ. മദ്യവും അഴിമതിയും പരസ്പരം ബന്ധമുള്ളതാണ്. ഒന്ന് മറ്റൊന്നിലേക്കുള്ള വഴി തുറക്കുന്നു. ഇതിനെതിരെ നമ്മുടെ ശ്രദ്ധ തിരിഞ്ഞ് പ്രതികരിച്ചേ മതിയാകൂ.

**ഫാ. ഐപ്പ്. പി. സാം:-**

സഭയ്ക്കു മാത്രമല്ല സമൂഹത്തിനാകെ മാതൃകാപരമായ ഒരു മുന്നേറ്റമാണ് യുവജനപ്രസ്ഥാനം ഇന്നു നടത്തുന്നത്. ഇത് ഒരു ചെറിയ തിരിയായി ഇവിടെ കത്തി നാടാകെ പടർന്ന് പിടിച്ച് സമൂഹത്തിൽ നിന്നും അഴിമതിയും മദ്യവും നിർമ്മാർജ്ജനം ചെയ്യപ്പെടുവാൻ ഇടയാകട്ടെ.

**ഫാ. ജോൺപോൾ:-**

ഇവിടെ കൂടിയിരിക്കുന്ന നൂറുകണക്കിന് സ്ത്രീകളോട് എനിക്ക് ഒരപേക്ഷയുണ്ട്. ഒരു സ്ത്രീയും ഒരു മദ്യപാനിയുടെ കുഞ്ഞിന് ജന്മം നൽകരുത്. എങ്കിൽ ഇവിടെ മദ്യപാനികളുടെ എണ്ണം കുറയും. ജന്മം നൽകിയവർ ഈ കൂട്ടത്തിൽ ഉണ്ടെങ്കിൽ അവരോട് എനിക്കൊരു അപേക്ഷയുണ്ട്. ആ കുഞ്ഞ് പിതാവിനെപ്പോലെ ആകാതിരിക്കുവാൻ പ്രാർത്ഥിക്കുക. നിങ്ങളുടെ ഭർത്താവിനു വേണ്ടിയും പ്രാർത്ഥിക്കുക. 'മദ്യരഹിത' സമൂഹം ഉണ്ടാകട്ടെ. അത് കുടുംബത്തിൽ നിന്നും ആരംഭിക്കാം.

**ഫാ. സി.ജെ. ജോർജ്ജ്:-**

ആനുകാലിക പ്രാധാന്യമുള്ള രണ്ടു വിഷയങ്ങളുമായി ജനമദ്ധ്യത്തിലേക്ക് ഇറങ്ങി വരുവാൻ ധൈര്യം കാട്ടിയ യുവജനങ്ങൾക്ക് ഞാൻ പ്രത്യേക അഭിവാദ്യങ്ങൾ നൽകുന്നു. സഭയിലും സമൂഹത്തിലും നടമാടുന്ന തിന്മകൾക്കും അഴിമതികൾക്കും എതിരെ യുവജനങ്ങൾ ശക്തമായി പ്രതികരിക്കുവാൻ സന്നദ്ധമാകണം.





**ഫാ. ഫിലിപ്പ് ജേക്കബ്:-**

മദ്യവർജ്ജന അഴിമതി വിരുദ്ധ വാഹനപ്രചരണ ജാഥ ഒരു നല്ല സംരംഭത്തിന്റെ നാന്ദികുറിക്കുന്ന മഹത് സംഭവമായി ഭവിക്കട്ടെ.

**ഫാ. കുര്യൻ ദാനിയേൽ:-**

മദ്യപാനികളുടെ ജീവിതത്തെ അനുദിനം മദ്യം അടിമപ്പെടുത്തുകയാണ്. അവന്റെ പൂർണ്ണ ഉടമസ്ഥാവകാശം മദ്യം സ്ഥാപിച്ചെടുക്കുന്നു. അഴിമതി രഹിതമായ മദ്യ വിമുക്തരായ ഒരു സമൂഹം നമ്മുടെ നാട്ടിൽ ഉണ്ടാകണം.



അഴിമതി വിരുദ്ധ മദ്യവർജ്ജന വാഹനപ്രചരണജാഥയ്ക്ക് കുട്ടംപേരൂരിൽ നൽകിയ സ്വീകരണം.

വിവിധ സ്ഥലങ്ങളിൽ നടന്ന സ്വീകരണ യോഗങ്ങളിൽ ഫാ. തോമസ്. പി. നൈനാൻ, ഫാ. ജോൺസൺ, ശ്ക്തിമംഗലം, ഫാ. ടി.ടി. തോമസ്, ഫാ. ജേക്കബ് ചെറിയാൻ, ഫാ. മാമ്മൻ തോമസ്, ഫാ. കെ.സി. ജേക്കബ്, ഫാ. ജോസ് തോമസ്, ഫാ. തോമസ് ജോസഫ്, ഫാ. മാത്യു തോമസ് എന്നിവരും പ്രസംഗിച്ചു.

ഭദ്രാസന യുവജനപ്രസ്ഥാനം കമ്മിറ്റി അംഗങ്ങളായ ജോൺ. പി. ഉമ്മൻ, അനീഷ് മാത്യു തോമസ്, അജി തോമസ്, വർഗീസ് ജോൺ, ജയിംസ്. പി. ശമുവേൽ, ലോബു. റ്റി. മാത്യു, എന്നിവരും ജാഥക്ക് നേതൃത്വം നൽകി.

**ജേക്കബ് ഉമ്മൻ:-**

മദ്യത്തിനും അഴിമതിക്കുമെതിരെ പോരാടിയ മഹാത്മാഗാന്ധിയുടെ ജയന്തി ദിനത്തിൽ ഈ സന്ദേശവുമായി രംഗത്തിറങ്ങുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഇന്ന് കാക്കകൾക്ക് കാഷ്ഠിക്കുവാനായി പൊതുനിരത്തിൽ വച്ചിരിക്കുന്ന ഗാന്ധിപ്രതിമയ്ക്കു താഴെ മദ്യപാനവും അക്രമവും നടക്കുന്നു. സർക്കാരാഫീസിൽ ചില്ലിട്ടു സൂക്ഷിച്ചിരിക്കുന്ന ആ ചിത്രത്തിനു താഴെ കൈക്കൂലിയും അഴിമതിയും അനായാസം നടമാടുന്നു. ഇതിനെതിരെ ഒരു ചെറുവിരലെങ്കിലും അനക്കുവാൻ കഴിഞ്ഞാൽ ഞങ്ങൾ കൃതാർത്ഥരായി.......

**മാത്യു. ജി. മനോജ്:-**

പാശ്ചാത്യസംസ്ക്കാരത്തിന്റെ അന്ധമായ അനുകരണത്തിൽ സുഖത്തിലും ദു:ഖത്തിലും ഒന്നുപോലെ മദ്യക്കുപ്പിപൊട്ടിക്കുന്ന ഒരു സംസ്ക്കാരം ഇവിടെ വളർന്നു കഴിഞ്ഞു. മാനമുള്ള ആരുടെയും കണ്ണുകൾ അടയത്തക്ക അഴിമതിയും വളർന്നു കഴിഞ്ഞു. ഇതിനെതിരെ യുവജനങ്ങൾ എന്നും ശക്തമായി നിലകൊള്ളും സംശയമില്ല...

**രാജീവ് വേണാട്:-**

നാട്ടിലൂടെ വ്യാജ മദ്യം അനായാസം ഒഴുകുമ്പോൾ അധികാരികൾ നോക്കി നിൽക്കുന്നു.

മുൻ ഭരണാധികാരികൾ അഴിമതിയാരോപണങ്ങളിൽ മുങ്ങികുളിച്ചും നിൽക്കുന്നു. സംശുദ്ധമായ ഒരു സമൂഹമാണ് ഞങ്ങളുടെ സ്വപ്നം അതു സാക്ഷാത്ക്കരിക്കാൻ........

**റോയി ശമൂവേൽ:-**

നമ്മുടെ ജനാധിപത്യത്തിനു ഭീഷണിയായി നിൽക്കുന്ന രണ്ടു വലിയ ദുരന്തങ്ങളാണ് മദ്യവും അഴിമതിയും. ഇവിടെ ബ്യൂറോക്രസി ഒരു കറുത്ത സൂര്യനായി ഉദിച്ചുയർന്നു കഴിഞ്ഞു. അത് സാധാരണക്കാരന്റെ സ്വപ്നങ്ങൾ കത്തിക്കരിച്ചുകൊണ്ടിരിക്കുന്നു. അതിനേതിരെ പ്രതികരിക്കുവാൻ എന്തുകൊണ്ട് നിങ്ങൾക്കു കഴിയുന്നില്ല......?

**മനോജ് ജോർജ്ജ്:-**

ഈ ജാഥയ്ക്ക് ഭദ്രാസനത്തിലുടനീളം ലഭിച്ച സ്വീകരണവും പ്രതികരണവും കാണുമ്പോൾ ഞങ്ങൾ സന്തുഷ്ടരാണ്. ഉദ്ദേശ ശുദ്ധിയോടുള്ള ഈ പ്രചരണജാഥ സാന്മാർഗ്ഗികത മനസ്സിൽ സൂക്ഷിക്കുന്ന പൊതുജനങ്ങൾ രണ്ടു കൈയ്യും നീട്ടി സ്വാഗതം ചെയ്യുന്നുണ്ട്.....

**മറിയാമ്മ ചാക്കോ:-**

മദ്യപന്മാരായ പുരുഷന്മാർ കുടുംബത്തിനും അഴിമതിക്കാരായ നേതാക്കൾ സമൂഹത്തിനും ശാപമാണ്. പുരുഷന്മാരെ സന്മാർഗ്ഗനിരതരാക്കുവാൻ സ്ത്രീകൾക്ക് വലിയ കടമയുണ്ട്. ഇല്ലെങ്കിൽ അതിന്റെ ഫലം സ്ത്രീകൾ അനുഭവിക്കും. അതിനാൽ മദ്യത്തിനും അഴിമതിക്കുമെതിരെ പൊരുതുവാൻ സ്ത്രീകൾ തയ്യാറെടുക്കണം.

## മദ്യവർജ്ജന അഴിമതി വിരുദ്ധ ജാഥക്ക് സ്വീകരണം

ബുധനൂർ: മദ്യവർജ്ജന അഴിമതി വിരുദ്ധ ജാഥക്ക് ബുധനൂർ പൗരാവലി ഉജ്ജ്വലമായ വരവേല്പ് നൽകി.

മാർക്കറ്റ് ജംഗ്ഷനിൽ നടന്ന സ്വീകരണ സമ്മേളനത്തിൽ ഫാ. സി.ജെ. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. ഫാ. കെ.വി. പോൾ, ഫാ. ജോൺ പോൾ, ഫാ. ജോൺതോമസ് കരിങ്ങാട്ടിൽ, ഫാ. ഗീവറുഗീസ് ജോൺ, ജേക്കബ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

കുട്ടംപേരൂർ: മദ്യവർജ്ജന അഴിമതി വിരുദ്ധ ജാഥക്ക് കുട്ടംപേരൂർ വൈ.എം.സി.എ. ജംഗ്ഷനിൽ സ്വീകരണം നൽകി. ഫാ. ഗീവറുഗീസ് ജോൺ, ഫാ. എ.ഡി. കുര്യക്കോസ്, ഫാ. മത്തായിജോൺ, മാത്യു. ജി. മനോജ്, രാജീവ് വേണാട്, റോയി സാമുവേൽ, മനോജ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

പന്തളം: അഴിമതിവിരുദ്ധ മദ്യവർജ്ജന ജാഥക്ക് പന്തളം ഡിസ്ട്രിക്ട് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ജംഗ്ഷനിൽ സ്വീകരണം നൽകി.

ഫാ. ജോൺതോമസ് കരിങ്ങാട്ടിൽ, ഫാ. സി.പി. ചാക്കോ, ഫാ. ഗീവറുഗീസ് കാഞ്ഞിക്കാവിൽ എന്നിവർ പ്രസംഗിച്ചു.

മെഴുവേലി: ഹോളി ഇന്നസെന്റ് ഇടവകയുടെ ആഭിമുഖ്യത്തിൽ മദ്യവർജ്ജന അഴിമതി വിരുദ്ധ ജാഥക്ക് വരവേല്പ് നൽകി.

ജംഗ്ഷനിൽ എത്തിചേർന്ന വാഹനപ്രചരണ ജാഥയെ വികാരി മിഖായേൽ ഗബ്രിയേൽ എബ്രഹാം കോർ എപ്പിസ്കോപ്പാ സ്വീകരിച്ചു.

കതോലിക്കേറ്റ് പതാക, മുത്തുക്കുടകൾ, ചെണ്ടമേളം എന്നിവയോടെ പള്ളിയിലേക്ക് എതിരേറ്റു. റ്റി.സി. ജോൺ കോർ എപ്പിസ്കോപ്പാ, കെ.ജി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ, ഇടവക സെക്രട്ടറി പ്രൊഫ. ടോം മാത്യു എന്നിവർ പ്രസംഗിച്ചു.

മുളക്കുഴ: സെന്റ്ജോർജ്ജ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പോസ്റ്റോഫീസ് ജംഗ്ഷനിൽ വാഹന പ്രചരണ ജാഥക്ക് സ്വീകരണം നൽകി.

വികാരി ഫാ. ജോൺതോമസ് കരിങ്ങാട്ടിൽ യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ശമുവേൽ മാത്യു, സെക്രട്ടറി ബിനു മുളക്കുഴ, ജോയിന്റ് സെക്രട്ടറി ജെസി ചെറിയാൻ, പ്രാർത്ഥന യോഗം ജനറൽ സെക്രട്ടറി വി. വർഗീസ് എന്നിവർ യുവജനപ്രസ്ഥാനം പീത പതാകയെ ഹാരമണിയിച്ച് സ്വീകരിച്ചു.

ഫാ. നൈനാൻ. വി. ജോർജ്ജ്, റോയി ശമുവേൽ, ബിനു മുളക്കുഴ എന്നിവർ പ്രസംഗിച്ചു.

തോട്ടപ്പുഴ: മദ്യവർജ്ജന അഴിമതിവിരുദ്ധ ജാഥക്ക് തോട്ടപ്പുഴ ജംഗ്ഷനിൽ സ്വീകരണം നൽകി. ഫാ. നൈനാൻ. കെ. ജോർജ്ജ്, ഫാ. കെ.എ. മത്തായി, മാത്യു. ജി. മനോജ്, രാജീവ് വേണാട്, റോയി ശമുവേൽ, ജേക്കബ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

ചെങ്ങന്നൂർ: ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം സംഘടിപ്പിച്ച മദ്യവർജ്ജന അഴിമതി വിരുദ്ധ ജാഥ ഒക്ടോബർ രണ്ടിനു വൈകിട്ട് എട്ടുമണിക്ക് ബഥേൽ ജംഗ്ഷനിൽ സമാപിച്ചു.





## വാഹന പ്രചരണജാഥ

ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം പ്രവർത്തകരുടെ സാമൂഹികവും സാംസ്കാരികവുമായ മുന്നേറ്റമാണ് മദ്യവർജ്ജന അഴിമതിവിരുദ്ധ വാഹന പ്രചരണ ജാഥയിലൂടെ വെളിവാകുന്നത്: നാം ജീവിക്കുന്നത് ഒരു പുതിയ യുഗത്തിലാണ്. അഴിമതിയുടെ ദുരാസക്തിയുടെ, മൃഗീയതയുടെ ഹൃദയ ശുന്യതയുടെ യുഗം. ഇവിടുത്തെ സാമൂഹ്യാന്തരീക്ഷം അസമത്വം നിറഞ്ഞതും ഭ്രാന്തവും വിലക്ഷണവുമാണ്. തമ്മിൽ തമ്മിൽ തലകീറിച്ചാകാനാണ് ജനത്തിന്റെ ത്വര. വളരെ ക്രൂരമായ കാലഘട്ടം. എന്നാൽ അധികാരമോഹികളും, രാജ്യദ്രോഹികളും അവസരങ്ങൾ മുതലെടുത്ത് കറുത്ത സൂര്യന്മാരായി ഉദിച്ചുയരുന്നു. ഇവിടെ സാധാരണക്കാരന്റെ പ്രതീക്ഷകൾ കരിഞ്ഞ് ചാമ്പലാകുന്നു. പ്രതീക്ഷ നശിച്ച ജനതക്കു വേണ്ടിയുള്ള ഒരു സിംഹ ഗർജ്ജനമായിരുന്നു അഴിമതിവിരുദ്ധ ജാഥയും ബോധവൽക്കരണവും. നിയമ വിരുദ്ധമായി ഒരുവൻ നേടുന്ന ആനുകൂല്യങ്ങളെല്ലാം അഴിമതിയാണ്. ഗുണഭോക്താക്കളിൽ നിന്നും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് ഉദ്യോഗസ്ഥൻ നടത്തുന്ന തിരിമറികളാണ് സാധാരണ ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത്. അഴിമതി ഒരു നിഷ്ഠയായി മാറിയിരിക്കുന്നു. ഭാരതത്തിലെ ജനകോടികൾ ഇടറുന്ന കണ്ഠത്തോടെ ഒരു നേരത്തെ ഭക്ഷണത്തിനായി മുറവിളികൂട്ടുമ്പോൾ മറുവശത്ത് അഴിമതിയുടെ തുടർക്കഥകൾ ഭീതിതമായി പുറത്തുവന്നു കൊണ്ടിരിക്കുന്നു. എന്നൊരു വൈരുദ്ധ്യാത്മകമായ അനുഭവമാണിത്. യുവാക്കൾ ഫലവത്തായി പ്രതികരിക്കണം.

> **പ്രതീക്ഷ നശിച്ച ജനതക്കു വേണ്ടിയുള്ള ഒരു സിംഹ ഗർജ്ജനമായിരുന്നു അഴിമതിവിരുദ്ധ ജാഥയും ബോധവൽക്കരണവും.**

'മദ്യം സകല തിന്മകളുടെയും അമ്മയാണ്'. നാനാവിധമായ തിന്മകളുടെയും കരാളരൂപങ്ങൾ ഇതിൽ നിന്നുത്ഭവിക്കുന്നു. മദ്യപൻ സമൂഹത്തിന്റെ ശാപമാണ്. മദ്യം അവന്റെ ചേതനയെ സർഗ്ഗാത്മക ശക്തിയെ നശിപ്പിക്കുന്നു. മദ്യപാനം കുടുംബബന്ധങ്ങൾ തകർക്കുന്നു. സാമൂഹ്യ.ജീവിതം ദുഷ്കരമാക്കുന്നു. ഈ കൊടിയ തിന്മക്കെതിരെ യുവാക്കളുടെ ശക്തമായ പ്രതികരണമായിരുന്നു വാഹനജാഥ.

ഗാന്ധിജി പറഞ്ഞു:- "മൃദുലവും സുകരവുമായ നയമല്ല ഈ കൊടിയ തിന്മയെ നേരിടാൻ വേണ്ടത്. പൂർണ്ണമായ മദ്യനിരോധനത്തിൽ കുറഞ്ഞ യാതൊന്നിനും ജനങ്ങളെ ആശുപത്രിയിൽ നിന്നും മോചിക്കാനാവില്ല. ഇന്ത്യയുടെ ഏകാധിപതിയായി ഒരു മണിക്കൂർ നേരത്തേക്ക് ഞാൻ നിയമിക്കപ്പെട്ടെങ്കിൽ ഞാൻ ചെയ്യുന്ന ഒന്നാമത്തെ കാര്യം പ്രതിഫലം കൊടുക്കാതെ എല്ലാ

(ഫീച്ചർ...)

ഫാ. കുര്യൻ ദാനിയേൽ, ഫാ. ഗീവറുഗീസ് ജോൺ. ഫാ. ജോൺതോമസ് കരിങ്ങാട്ടിൽ, ജനറൽ സെക്രട്ടറി ജേക്കബ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

• • •

ഒറ്റദിവസം കൊണ്ട് മദ്യവും അഴിമതിയും സമൂഹത്തിൽ നിന്നും തുടച്ചു മാറ്റുക പ്രയാസം. എന്നാൽ ഭദ്രാസനത്തിൽ ആകെ ചലനം സൃഷ്ടിക്കുവാൻ ഈ വാഹന പ്രചരണ ജാഥക്ക് കഴിഞ്ഞു. സഭയിൽ ഇത്തരം ഒരു സാരംഭം തന്നെ ആദ്യമായാണ്. ജനങ്ങളെ ഒരു പരിധി വരെ ബോധവൽക്കരിക്കാൻ ഈ ജാഥക്ക് കഴിഞ്ഞു. ജാഥയുടെ സന്ദേശം ജനഹൃദയങ്ങളിൽ എത്തിക്കുവാൻ സാധിച്ചു. അതിന്റെ തെളിവായിരുന്നു നാടുമുഴുവൻ ലഭിച്ച അവിശ്വസനീയമായ സ്വീകരണം. അഴിമതിരഹിത സമൂഹം, മദ്യവിമുക്ത സമൂഹം...... ജനങ്ങൾ ആഗ്രഹിക്കുന്നില്ലേ.....?

**തയ്യാറാക്കിയത്: ജേക്കബ് ഉമ്മൻ**
**(ഭദ്രാസന സെക്രട്ടറി)**

മദ്യ ഷാപ്പുകളും അടച്ചിടുക ആയിരിക്കും''.

പൂർണ്ണമായ മദ്യനിരോധന സാധ്യത പ്രായോഗികമാകുന്നതുവരെ യുവാക്കൾ സന്ധിയില്ലാതെ സമരം ചെയ്യുവാൻ തയ്യാറാകണം.

**– റോയി ശമുവേൽ കുട്ടംപേരൂർ**
**(ഇടവങ്കാട് ഓർഗനൈസർ)**

**ചലനം സൃഷ്ടിച്ചു**

അഴിമതിവിരുദ്ധ മദ്യവർജ്ജന വാഹന പ്രചരണ ജാഥയ്ക്ക് ചെങ്ങന്നൂർ ഭദ്രാസനത്തിൽ അഴിമതിയ്ക്കും, മദ്യത്തിനും എതിരെയുള്ള ഒരു ചലനം സൃഷ്ടിക്കുന്നതിന് സാധിച്ചു എന്നുള്ള കാര്യത്തിൽ സംശയമില്ല. യുവജനപ്രസ്ഥാനം പോലെയുള്ള 'പുരോഗമന പ്രസ്ഥാനങ്ങൾക്ക്' സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്നുള്ള ഒരു പ്രവർത്തനമാണ് ഇന്നാവശ്യം. ആരാധന, പഠനം, സേവനം എന്നീ 'മുദ്രവാക്യങ്ങളിൽ മാത്രമൊതുങ്ങാതെ' 'സേവന'ത്തിന്റെ പാതയിൽ നമ്മുടെ പ്രസ്ഥാനം ഇനിയും വളരെയേറെ മുമ്പോട്ട് പോകേണ്ടിയിരിക്കുന്നു. ഇന്ന് നമ്മുടെ സമൂഹത്തിൽ കാണുന്ന പലതരത്തിലുള്ള സാമൂഹിക തിന്മകൾക്കെതിരെയും പ്രതികരിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടത് യുവജന പ്രസ്ഥാനങ്ങളുടെ ചുമതലയായി ഏറ്റെടുക്കണം. തുടർന്നും ഈ സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുന്നതിന് നമുക്കോരോരുത്തർക്കും, അതുവഴി നമ്മുടെ പ്രസ്ഥാനത്തിനും സാധിക്കട്ടെ.

**– റോജി. കെ. ഏബ്രഹാം**
**(ചെങ്ങന്നൂർ ഓർഗനൈസർ)**

> ഭാരതത്തിലെ ജന കോടികൾ ഇടറുന്ന കണ്ഠത്തോടെ ഒരു നേരത്തെ ഭക്ഷണത്തിനായി മുറവിളി കൂട്ടുമ്പോൾ മറുവശത്ത് അഴിമതിയുടെ തുടർക്കഥകൾ ഭീതിതമായി പുറത്തു വന്നുകൊണ്ടിരിക്കുന്നു.

തികച്ചും നന്നായിരുന്നു. യുവജനപ്രസ്ഥാനക്കാരുടെ ഒരുമയും പരിശ്രമശീലവും വിജയം വരിച്ച ഒരു പരിപാടി ആയിരുന്നു. യുവജനപ്രസ്ഥാനം വിചാരിച്ചാൽ നല്ലകാര്യങ്ങൾ അനായാസം 'നടക്കും. സംശയമില്ല. ഇതൊക്കെ കാണുമ്പോൾ ഞാനും ഒരു യുവവായിരുന്നുവെങ്കിൽ...... എന്ന് ആശിച്ചുപോകുന്നു.

**– കെ.ജി. തോമസ്**
**(ആഭ്യന്തര സുവിശേഷസംഘം മുൻ ജന:സെക്രട്ടറി)**

യുവജന പ്രസ്ഥാനത്തിന്റെ മദ്യവർജ്ജന അഴിമതിവിരുദ്ധ വാഹന പ്രചരണ പരിപാടിയെപ്പറ്റി കോട്ടയത്ത് അറിഞ്ഞു. സഭ മുഴുവൻ സംസാര വിഷയമായി. ഒരു പുതിയ സംരംഭം ഇത്രയും വിജയം വരിച്ചതിൽ അഭിമാനമുണ്ട്.

**– വിനോദ് ജോർജ്ജ്**
**(വൈദിക സെമിനാരി)**

വളരെ അഭിനന്ദാർഹമായ ഒരു പരിപാടിയായിരുന്നു ഒക്ടോബർ രണ്ടിനു നടന്നത്. ഇതു മാതൃകയാക്കി യുവജനപ്രസ്ഥാനം കേന്ദ്രകമ്മിറ്റിയുടെ ചുമതലയിൽ സഭയാകമാനം ഒരു ജാഥ നടത്തിയാലോ എന്ന് ആഗ്രഹിക്കുന്നു.

**– ഡോ. കെ.ഇ. ഏബ്രഹാം,**
**(നിരണം ഭദ്രാസന സെക്രട്ടറി)**

പരിപാടിയെപ്പറ്റി കേട്ടറിഞ്ഞു. അഭിമാനം തോന്നുന്നു. ഒരു വിഷമം അവശേഷിക്കുന്നു എനിക്ക് സംബന്ധിക്കുവാൻ കഴിഞ്ഞില്ലല്ലോ എന്ന്.

**– ഫാ. ജോബ്സൺ, കോട്ടപ്പുറത്ത്**
**(ജനറൽ സെക്രട്ടറി)**



# ബാലപത്രിക

ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ

സ്നേഹമുള്ള കൂട്ടുകാരെ,

പരിശുദ്ധ പരുമല തിരുമേനിയുടെ സ്മരണയാൽ നാടെങ്ങും സജീവമായി കഴിഞ്ഞ അവസരമാണല്ലോ ഇത്. ക്രൈസ്തവരും അക്രൈസ്തവരും ഒന്നുപോലെ സ്മരിക്കുന്ന ആ ദിവ്യ പുരുഷനോട് മദ്ധ്യസ്ഥത അണച്ചുകൊണ്ട് വെയിലും മഴയും വക വെയ്ക്കാതെ വടക്കു നിന്നും തെക്കു നിന്നും പദയാത്രകൾ കബറിങ്കലേക്ക് നീങ്ങുന്നതിന് പ്രകൃതിയും സാക്ഷ്യം വഹിച്ചു. പരുമല തിരുമേനിയുടെ ബാല്യകാലത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

മാതാവിന്റെ മരണ ശേഷം സഹോദരിയുടെ സംരക്ഷണത്തിൽ വളർന്ന ബാലന്റെ സ്വഭാവത്തിൽ പല പ്രത്യേകതകളും ഉണ്ടായിരുന്നു. വിശേഷവസ്ത്രങ്ങളിലും ആഭരണങ്ങളിലും താല്പര്യമില്ലായിരുന്നു. ലളിതമായ വസ്ത്രധാരണം ഇഷ്ടപ്പെട്ടിരുന്നു. പ്രാർത്ഥന, വേദവായന മുതലായ കാര്യങ്ങളിൽ ഉൽസുകനായിരുന്നു. ചെറുപ്പം മുതൽ തന്നെ നോമ്പ് ഉപവാസം ഇവ അനുഷ്ഠിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പഠന കാര്യത്തിലും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. കൂടാതെ ഗുരുഭക്തി, വിനയം, അനുസരണം, സ്നേഹം മുതലായ വിശിഷ്ട ഗുണങ്ങൾ കൊണ്ട് സഹപാഠികൾക്ക് മാതൃക കാട്ടി.

ജീവിതാവസാനംവരെയും ഈ സ്വഭാവവിശേഷങ്ങൾ സംരക്ഷിക്കുന്നതിൽ ഒരു വീഴ്ചയും വന്നിട്ടില്ല.

കൂട്ടുകാരുടെ ജീവിതത്തിൽ പകർത്തുവാൻ ഒട്ടും വിഷമമില്ലാത്ത ഗുണവിശേഷങ്ങളാണ് മുകളിൽ പ്രതിപാദിച്ചത്.

ലളിതമായ ജീവിതത്തിലൂടെ പ്രാർത്ഥനാനിരതമായ സ്വഭാവം വളർത്തിയെടുക്കുവാൻ ചെറുപ്പത്തിലേ ശീലിക്കണം. ഒപ്പം ഗുരുഭക്തി, വിനയം, അനുസരണം തുടങ്ങിയ സ്വഭാവം ജീവിതത്തിൽ എപ്പോഴുമുണ്ടാകണം.

നല്ല സ്വഭാവമുള്ള കുട്ടികൾ ഭാവിയിൽ ഒരു തരത്തിലും പിന്നോക്കമാവുകയില്ല.

മാതൃകാപരമായ ജീവിതം – അതായിരിക്കണം നമ്മുടെ ലക്ഷ്യം

**സ്നേഹത്തോടെ ആനിച്ചേച്ചി.**

## ഫാ. മാത്യു വൈദ്യന് ധിഷണ അവാർഡ്



കോട്ടയം: മികച്ച വൈജ്ഞാനിക-വേദ ഗ്രന്ഥകാരനുള്ള ഈ വർഷത്തെ ധിഷണാ അവാർഡ് പ്രമുഖ വേദശാസ്ത്ര പണ്ഡിതനും ഹഗിയോസ് ഗ്രന്ഥ പരമ്പരയുടെ കർത്താവുമായ ഫാ. ഡോ. മാത്യു വൈദ്യന് ലഭിച്ചു. അയ്യായിരം രൂപയും ശില്പവും പ്രശംസാപത്രവും കോട്ടയം സോഫിയാ സെന്ററിൽ ഡോ. സുകുമാർ അഴിക്കോട് സമ്മാനിച്ചു.

മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിന്റെ പ്രിൻസിപ്പലായ ഫാ. മാത്യു വൈദ്യൻ ഇംഗ്ലീഷിലും മലയാളത്തിലുമായി പതിനേഴു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലൂസിയാന യൂണിവേഴ്സിറ്റിയിൽ നിന്നും വേദശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ച ഇദ്ദേഹം മികച്ച പ്രഭാഷകനുമാണ്.

# വാർത്തകൾ

**"യുവപ്രതിഭ - 97"**

**ചെങ്ങന്നൂർ:** യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 1997 ജനുവരി 19നു 2 മണിമുതൽ 4വരെ 'യുവ പ്രതിഭ' മത്സര പരീക്ഷ നടത്തുന്നു. 15നും 45നും മദ്ധ്യേ പ്രായമുള്ള സഭാംഗങ്ങളായ യുവാക്കൾക്ക് പങ്കെടുക്കാം.

വിഷയം
സമ്പൂർണ്ണ സൗഖ്യം - വി. യോഹ : 5:6
തിമൊഥെയോസ് - 12 ലേഖനങ്ങൾ
സഭാചരിത്രം - 1912- 1996 വരെ
ആനുകാലിക പൊതു വിജ്ഞാനം
(ഓരോന്നും 25 മാർക്കു വീതം, )

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 10 രൂപാ ഫീസും സ്വന്തം മേൽവിലാസമെഴുതിയ കാർഡും സഹിതം നവംബർ 30നു മുമ്പ് ഭദ്രാസനസെക്രട്ടറി ജേക്കബ് ഉമ്മനെ ഏൽപ്പിക്കണം.

ഒന്നാംസമ്മാനം 1000 രൂപയും സ്വർണ്ണ മെഡലും. രണ്ടാംസമ്മാനം 750 രൂപയും വെള്ളിമെഡലും. മൂന്നാംസമ്മാനം 500 രൂപ

വിജയികൾക്ക് ഗ്രേഡ് തിരിച്ച് സർട്ടിഫിക്കറ്റും നൽകുന്നതാണ്.

**കുഷ്ഠരോഗാശുപത്രി സന്ദർശനം**

**ചെങ്ങന്നൂർ :** ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ചുമതലയിൽ ഡിസംബർ 14നു നൂറനാട് കുഷ്ഠരോഗാശുപത്രി സന്ദർശിക്കുന്നതാണ്. എല്ലാ യൂണിറ്റുകളിൽ നിന്നും പ്രവർത്തകർ രാവിലെ '8 മണിക്കു മുമ്പായി ആശുപത്രിയിൽ എത്തിച്ചേരണം. രോഗികൾക്കാവശ്യമായ പഞ്ഞി, ഗ്ലിസറിൻ, ഡെറ്റോൾ, ബാൻഡേജ് തുടങ്ങിയ ചികിത്സാ സാധനങ്ങളും പുതിയ വസ്ത്രങ്ങളും ശേഖരിച്ച് കൊണ്ടുവരണം.

**വിജയികൾ**

ചെങ്ങന്നൂർ: ഭദ്രാസന സൺഡേ സ്കൂൾ സഹപാഠ്യ മത്സരത്തിൽ താഴെപ്പറയുന്നവർ വിജയിച്ചു.

**സബ്ജൂനിയർ**
പ്രസംഗം :
1. സീന വർഗീസ് (തോട്ടപ്പുഴ) 2. സോണിയ ആനി ജീജു (പുത്തൻകാവ്)
സംഗീതം :
1. സോണിയ ആനി ജീജു (പുത്തൻകാവ്)
2. അഞ്ജു ആനി ജോൺ (പുത്തൻകാവ്)

**ജൂനിയർ**
പ്രസംഗം
1. സിനി തോമസ് (പേരിശ്ശേരി ഈസ്റ്റ്)
2. സുജന എസ്. കോശി (തൈമറവുങ്കര)
സംഗീതം
1. ജേക്കബ് കെ. ജോൺസൺ (പുത്തൻകാവ്) 2. ജിനോ ആൻ ജോൺ (അറത്തിൽ)
സമൂഹഗാനം
1. പ്രിൻസി സൂസൻ ഫിലിപ്പ്, മഞ്ജു. കെ. ഏബ്രഹാം, ജിഷാ ബാബു (പേരിശ്ശേരി)
2. ജിനോ ആൻ ജോൺ, സാനി അനിയൻ, രജിത ജോൺ (അറത്തിൽ)
വേദവാക്യം
1. ലിനി മേരി അലക്സാണ്ടർ (ചെങ്ങന്നൂർ)
2. സിനി തോമസ് (പേരിശ്ശേരി ഈസ്റ്റ്)

**സീനിയർ**
പ്രസംഗം
1. ജിഷാ ആനി തോമസ് (പുത്തൻകാവ്)
2. സുമിത മേരി ജേക്കബ് (കുട്ടംപേരൂർ)
സംഗീതം
1. ജെസ്സി. പി. മാത്യു (പുത്തൻകാവ്)
2. റോഷൻ മേരി വർഗ്ഗീസ് (പിരളശ്ശേരി)
സമൂഹഗാനം
1. അൻസു എലിസബത്ത് ജേക്കബ്, ഷിജി ചെറിയാൻ, ജിബി. ടി. മാത്യു (വെണ്മണി)
2. ആൻസി സാറാഫിലിപ്പ്, റീന ഏബ്രഹാം, സീനാ രാജൻ (ചെങ്ങന്നൂർ)
വേദവാക്യം.
1. ജോബി ജോർജ്ജ് (കുളനട)
2. റീജാ ജോസ് (കുരമ്പാല)
പൊതുവിജ്ഞാനം
1. ആൻസി സാറാഫിലിപ്പ് (ചെങ്ങന്നൂർ)
2. ബ്ലെസി തോമസ് (പുത്തൻകാവ്)
ഉപന്യാസം
1. ഷൈനി. എ. ജോൺ (കുരമ്പാല)
2. ജോഷ്വാ ഏബ്രഹാം (പുത്തൻകാവ്)

## ശിലാസ്ഥാപനം

കുടശ്ശനാട്: സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിനു വേണ്ടി കുടശ്ശനാട് മാവിള ജംഗ്ഷനിൽ നിർമ്മിക്കുന്ന സെന്റ്തോമസ് കുരിശിൻ സൗധത്തിന്റെ ശിലാസ്ഥാപനം നവംബർ മൂന്നാം തീയതി വികാരി ഫാദർ മാത്യുവർഗീസ് നിർവ്വഹിച്ചു.



## ക്രിസ്തുമസ് ആഘോഷം

പന്തളം : സംയുക്ത ക്രിസ്തുമസ്സ് ആഘോഷം ഡിസംബർ 25-നു വിപുലമായി നടത്തുവാൻ 'എക്യുമെനിക്കൽ ക്രിസ്ത്യൻ അസോസിയേഷൻ' തീരുമാനിച്ചു. ഫാ. ദാനിയേൽ പുല്ലേലിൽ അദ്ധ്യക്ഷത വഹിച്ചു.

ക്രിസ്തുമസ്സ് ആഘോഷത്തിന്റെ നടത്തിപ്പിനായി ഫാ. ദാനിയേൽ പുല്ലേലിൽ (ചെയർമാൻ) ഡോ. ജോസ് കോശി (ജനറൽ കൺവീനർ) കെ.ടി. ശാമുവേൽ, ബെന്നിമാത്യു (ജോ. കൺവീനേഴ്സ്), എന്നിവരെ തെരഞ്ഞെടുത്തു.

വിവിധ കമ്മിറ്റികൾക്ക് ഫാ. ജോൺതോമസ് കരിങ്ങാട്ടിൽ (പ്രോഗ്രാം) ഫാ. ഗീവറുഗീസ് ജോൺ (ഫിനാൻസ്) ഫാ. മാത്യു കോശി (റിസപ്ഷൻ) ഫാ. സി.പി. ചാക്കോ (പബ്ലിസിറ്റി) എന്നിവർ നേതൃത്വം നൽകുന്ന 101 അംഗ കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.

## ഭദ്രാസന പൊതുയോഗം

ചെങ്ങന്നൂർ : സമുദായക്കേസിൽ സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിയുടെ അടിസ്ഥാനത്തിൽ മലങ്കര അസ്സോസിയേഷൻ വിളിച്ചുകൂട്ടുന്നതിനുമുമ്പ് ഭദ്രാസന പൊതുയോഗം വിളിച്ചു കൂട്ടുന്നതിന് നിയമ തടസ്സങ്ങൾ ഉള്ളതിനാൽ ചെങ്ങന്നൂർ ഭദ്രാസന പൊതുയോഗം വിളിച്ചു കൂട്ടുന്നതിന് താമസം നേരിടുമെന്ന് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്ത കല്പനയിൽ അറിയിച്ചിരിക്കുന്നു.

മെത്രാസന കൗൺസിൽ പാസ്സാക്കിയ വാർഷിക റിപ്പോർട്ടും തെരട്ടും ആദ്ധ്യാത്മിക സംഘടനകളുടെ റിപ്പോർട്ടും ഇടവകയ്ക്കും, വികാരിക്കും, ഇടവകപ്രതിനിധികൾക്കും അയച്ചിട്ടുണ്ട്.

മലങ്കര മെത്രാപ്പോലീത്ത കൂടിയായ പ. ബാവാതിരുമനസ്സുകൊണ്ട് മലങ്കര അസ്സോസിയേഷൻ വിളിച്ചുകൂട്ടിയതിനു ശേഷം എത്രയും വേഗം ഭദ്രാസന പൊതുയോഗം കൂടുമെന്ന് കല്പനയിൽ പറയുന്നുണ്ട്.



ദിവ്യബോധനം ഡിപ്ലോമാ കോഴ്സിൽ പതിനെട്ടാമത്തെ പുസ്തകത്തിന് രണ്ടാംറാങ്ക് നേടിയ ഷിനി. ഇ.ജെ. (Reg. No. 4841) ഇടവങ്കാട് സെന്റ് മേരീസ് ഇടവകയിൽ ഇടവൂർ സി. ജോയിയുടെയും ഏലിയാമ്മ ജോയിയുടെയും മകൾ.

## ഓഫീസ് സമയം

ചെങ്ങന്നൂർ : ബഥേൽ അരമനയിലെ ഓഫീസ് സമയം രാവിലെ ഒമ്പതു മണി മുതൽ വൈകിട്ട് നാലു മണി വരെ ആക്കി.

### രചനകൾ ക്ഷണിക്കുന്നു

ബഥേൽ പത്രികയിലേക്ക് രചനകൾ ക്ഷണിക്കുന്നു. ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ അവതരിപ്പിക്കാം. ഫീച്ചർ, കഥ, ചർച്ച, ലേഖനം എന്നിവയും അയയ്ക്കുക.

**എഡിറ്റർ,**
**ബഥേൽപത്രിക,**
**ബഥേൽ അരമന**
**ചെങ്ങന്നൂർ - 689121.**



അഖില മലങ്കര ഓർത്തഡോക്സ് ബാലസമാജം വാർഷിക ക്യാമ്പ് പന്തളം കുരമ്പാല സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. തോമസ് മാർ അത്താനാസ്യോസ്, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, പി.കെ. കുമാരൻ എം.എൽ.എ., ഫാ. ശാമുവേൽ ജോൺ, സഭാ സെക്രട്ടറി എ.കെ. തോമസ് എന്നിവർ സമീപം


## പത്രാധിപ സമിതി

മാനേജിംഗ് എഡിറ്റർ : തോമസ് മാർ അത്താനാസിയോസ്.
ചീഫ് എഡിറ്റർ : ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
അംഗങ്ങൾ : വെരി. റവ. പി.ജി. ജോർജ്ജ്,
കോർ എപ്പിസ്കോപ്പാ,
ഫാ. പി.ജി. ജോർജ്ജ്, ഫാ. പി.വി. ജോൺ,
ഫാ. ഐപ്പ് പി. സാം, ഡോ. കെ.എം. തരകൻ,
ഡോ. സാമുവേൽ ചന്ദനപ്പള്ളി,
ജേക്കബ് ഉമ്മൻ, പ്രൊഫ. സൂസി ഏബ്രഹാം.
സർക്കുലേഷൻ മാനേജർ : എം.എ. ജേക്കബ്.

ടൈപ്പ് സെറ്റിംഗ് : ചിലങ്ക, പന്തളം




## അനുശോചനവും മൗനജാഥയും

ബുധനൂർ: കാലംചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ബുധനൂർ സെ. ഏലിയാസ് ഓർത്തഡോക്സ് ഇടവകയിൽ വി. കുർബ്ബാനയും, തുടർന്ന് വികാരി ഫാ. ജോൺ പോളിന്റെയും, ട്രസ്റ്റി പി. റ്റി. ജോൺ, സെക്രട്ടറി സജി വർഗീസ് എന്നിവരുടെയും നേതൃത്വത്തിൽ മൗനജാഥയും നടന്നു. ഗായകസംഘം ഭക്തിനിർഭരമായ ഗാനങ്ങൾ ആലപിച്ച് പരിശുദ്ധ പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു. തുടർന്ന് പള്ളിയിൽ പ്രത്യേക പ്രാർത്ഥനയും അനുശോചന സമ്മേളനവും നടത്തി.

## പ്രതിമാസ ധ്യാനം

ആഭ്യന്തര സുവിശേഷ സംഘത്തിന്റെ പ്രതിമാസധ്യാനയോഗം നവംബർ 23 ന് ശനിയാഴ്ച രാവിലെ 9 മണി മുതൽ കടമ്പനാട് സെ. സ്റ്റീഫൻസ് കത്തീഡ്രലിൽ നടക്കും. ഫാ. മത്തായി ഒ. ഐ. സി. (കുന്നംകുളം), ഫാ. മാത്യു വർഗീസ്, പി. ജി. യോഹന്നാൻ എന്നിവർ നേതൃത്വം നൽകും.

## ഉപവാസ ധ്യാനം

ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 14 ന് ശനിയാഴ്ച രാവിലെ 9 മണി മുതൽ ഓതറ സെ. മേരീസ് പള്ളിയിൽ ഏകദിന ധ്യാനം നടത്തുന്നു. അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ഫാ. ഒ. തോമസ്, ഫാ. ജോൺ പോൾ, ഫാ. ജേക്കബ് ചെറിയാൻ, ഭദ്രാസന സെക്രട്ടറി മറിയാമ്മ ചാക്കോ തുടങ്ങിയവർ നേതൃത്വം നൽകും.

## പഠന ക്യാമ്പ്

പന്തളം: ഡിസ്ട്രിക്റ്റ് സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഏകദിന നേതൃത്വപരിശീലന പഠനക്യാമ്പ് നടത്തി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്താ, ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലിത്താ, ഫാ. റ്റി. ജെ. ജോഷ്വാ, ഫാ. ഒ. തോമസ്, ഫാ. കെ. വി. പോൾ എന്നിവർ നേതൃത്വം നൽകി. സമാപന സമ്മേളനത്തിൽ ഫാ. മാത്യുവർഗീസ്, റ്റി.ഇ ജോസഫ്, പ്രൊഫ. റ്റി.ജെ. മാത്യു, ചാക്കോ വറുഗീസ്, ജി. വറുഗീസ്, റജി വറുഗീസ് എന്നിവർ പ്രസംഗിച്ചു.

## അർദ്ധദിന സമ്മേളനം

പുത്തൻകാവ്: ഡിസ്ട്രിക്റ്റ് മർത്തമറിയം വനിതാ സമാജത്തിന്റെ അർദ്ധദിന വാർഷിക സമ്മേളനം ഓതറ സെൻറ് മേരീസ് പള്ളിയിൽ വികാരി ഫാ. ജേക്കബ് ചെറിയാന്റെ അദ്ധ്യക്ഷതയിൽ നടത്തി. കെ. കെ. ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തി. സെലിൻ, മേരിമാമ്മൻ എന്നിവർ പ്രസംഗിച്ചു. ഡി. സെക്രട്ടറി മേരി തോമസ് റിപ്പോർട്ട് അവതരിപ്പിച്ചു. ഭദ്രാസന സെക്രട്ടറി മറിയാമ്മ ചാക്കോ കൃതജ്ഞത പ്രകാശിപ്പിച്ചു.

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

## ബാലസമാജം വാർഷിക ക്യാമ്പ്

പന്തളം: ദൈവത്തിൽ ആശ്രയിക്കുന്ന തലമുറ സമൂഹത്തിന്റെ കെട്ടുറപ്പിന്ആവശ്യമാണെന്ന പരിശുദ്ധ കാതോലിക്കാബാവാ പ്രസ്താവിച്ചു.

അഖില മലങ്കര ഓർത്തഡോക്സ് ബാലസമാജം വാർഷിക ക്യാമ്പ് പന്തളം കരമ്പാല സെ. തോമസ് ഓർത്തഡോക്സ് പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ബാലസമാജം പ്രസിഡൻറ് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. പി. കെ കുമാരൻ എം.എൽ.എ. ഫാ. ടി. ജെ. ജോഷ്വാ, ഫാ. മത്തായി വിലനിലം, ഫാ. സാമുവേൽ ജോൺ, സഭാ സെക്രട്ടറി ഏ. കെ. തോമസ്, ജനറൽ സെക്രട്ടറി ഫാ. മാത്യു കോശി, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ പ്രസംഗിച്ചു.

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ഡോ. കെ. എം. തരകൻ, ഡോ. സാമുവേൽ ചന്ദനപ്പള്ളി, ഫാ. ഡോ. മാത്യു വൈദ്യൻ, ഫാ. ഒ. തോമസ്, ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ, ഫാ. നൈനാൻ വി. ജോർജ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. ഐപ്പ് പി. സാം ധ്യാനം നയിച്ചു.

'വിദ്യാലയ രാഷ്ട്രീയം അനുവദനീയമോ' എന്ന വിഷയത്തിൽ സിംപോസിയം നടന്നു. ഡോ യു. പന്ന്യാസ് (മനോരമ) മോഡറേററായിരുന്നു.

പ്രൊഫ. ഡി. കെ. ജോൺ, പ്രൊഫ. ചെറുകുന്നം പുരുഷോത്തമൻ സത്യവാൻ കൊട്ടാരക്കര, ജേക്കബ് ഉമ്മൻ, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ജനറൽ സെക്രട്ടറി ഫാ. മാത്യു കോശി എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനത്തിൽ പള്ളിയിൽ ജോർജ് കോർ എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. ഫാ. ദാനിയേൽ പുല്ലേലിൽ, ഫാ. മാത്യു കോശി, ഫാ. തോമസ് മാത്യു, ഫാ. സി.പി.ചാക്കോ, ഫാ. ഗീവർഗീസ് ജോൺ, ഡീക്കൻ ജോൺസൺ ഐപ്പ്, എ. ജോർജ്കുട്ടി, സി. കെ. റെജി എന്നിവർ പ്രസംഗിച്ചു.

കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും 350–ൽപ്പരം പ്രതിനിധികൾ പങ്കെടുത്തു.

Printed and Published by Fr. P.G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George